# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം ഒക്ടോബർ 2018 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ**
**ഞങ്ങൾക്ക് നല്കണമേ**

**തിരുസ്സഭയുടെ**
**സംരക്ഷകയും മാതൃകയുമായ**
**പരിശുദ്ധ മറിയമേ,**
**സ്വർഗീയ മഹത്ത്വത്തിൽ നിന്റെ**
**തിരുക്കുമാരനോടൊത്ത്**
**സ്വർഗസൗഭാഗ്യം അനുഭവിക്കാനുള്ള**
**കൃപ ലഭിക്കാൻ**
**ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ


വാല്യം 36 ലക്കം പള്ളിക്കൂദാശ ഒക്ടോബർ 2018


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)**


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- പള്ളിക്കൂദാശക്കാലം 05
- അരൂപിയിൽ ഈശോയിലുള്ള ജീവിതം 08
- കാത്തിരിക്കാം ആ ദിനത്തെ 10
- സംതൃപ്തമാണെൻ സമർപ്പണം 12
- ബാധ്യത 13
- വിശുദ്ധിയുടെ ശത്രുക്കൾ 15
- ദൈവത്തോടുള്ള സൗഹൃദം 16
- കാവലാൾ 18
- മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം 20
- ആബേൽ 22
- കുമ്പസാരത്തിന്റെ കാണാപ്പുറങ്ങൾ 23
- സെനക്കിൾ തരംഗം 25
- കായേനിൽനിന്നും ആബേലിലേക്ക് 26
- പരി.കുർബാന: സഭാതനയർക്കു പാഥേയം 28
- ഈശോ മതിയെനിക്ക്; സഭ വേണ്ട...! 30
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# 'മീ ടൂ'വിൽനിന്നും 'ഐ ടൂ'വിലേക്ക്

'മീ ടൂ' ശബ്ദതരംഗങ്ങളുടെ അലകൾ സമൂഹത്തിന്റെ വിവിധ രംഗങ്ങളിൽനിന്നും ഉയർന്നുതുടങ്ങിയിരിക്കുന്നു. പലരുടെയും പൊയ്മുഖങ്ങൾ പുറത്തുകാട്ടാനുള്ള അവസരമാണിതെന്നും, അതല്ല, പലർക്കും പല വിധത്തിലുള്ള പകപോക്കലിനുള്ള പൊയ്പറച്ചിലാണിതെന്നുമുള്ള ചർച്ചകളും തുടങ്ങിക്കഴിഞ്ഞു.

സമൂഹം കല്പിക്കുന്ന അർത്ഥതലത്തിൽനിന്നും അല്പം വ്യതിചലിച്ച് നമുക്കും പറയാനാവണം 'മീ ടൂ' എന്ന്. ത്രിയേകദൈവം നമുക്കു നല്കിയ സ്നേഹത്തിനു മറുപടിയായി ക്രൈസ്തവരായ നാം ലോകമെമ്പാടും കേൾക്കത്തക്ക വിധത്തിൽ ഉറക്കെ ഉദ്ഘോഷിക്കേണ്ടതല്ലേയിത്...? "മീ ടൂ - ഞാനും"; ഞാനും ദൈവത്താൽ സ്നേഹിക്കപ്പെട്ടു എന്ന്...

ആരാധനക്രമ വത്സരത്തിലെ അവസാന കാലമായ പള്ളിക്കൂദാശാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. മംഗളവാർത്തക്കാലം തുടങ്ങി വിവിധ കാലങ്ങളിലൂടെ മിശിഹായിലൂടെ നമുക്കു ലഭിച്ച പിതാവായ ദൈവത്തിന്റെ സ്നേഹം (യോഹ 3,16) അനുഭവിക്കാൻ നാം ശ്രമിക്കുകയായിരുന്നു. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹസ്പർശത്താൽ സൃഷ്ടിക്കപ്പെട്ട്, അവിടുത്തെ അനന്തപരിപാലനയാൽ സംരക്ഷിക്കപ്പെടുന്ന നാം ആ സ്നേഹത്തിന്റെ പ്രഘോഷകരായി മാറേണ്ടതുണ്ട്. നാം അനുഭവിച്ചറിയുന്ന ദൈവസ്നേഹം മറ്റുള്ളവർക്കു പകർന്നുകൊടുക്കുമ്പോഴാണ് 'മീ ടൂ' (*Me too*) വിൽനിന്ന് 'ഐ ടൂ' (*I too*) വിലേക്ക് നാം എത്തുന്നത്. ഞാൻ ദൈവത്താൽ സ്നേഹിക്കപ്പെട്ടുവെങ്കിൽ എനിക്കും മറ്റുള്ളവരെ സ്നേഹിക്കണം എന്നതിലേക്ക് എത്തുന്നത്; ജീവൻ ത്യജിച്ചും മറ്റുള്ളവരെ സ്നേഹിക്കാൻ നമുക്കാവുന്നത്; "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന സ്നേഹാഹ്വാനത്തിന് മറുപടിയായി ജീവിതം സമർപ്പിക്കാനാവുന്നത്. സ്വർഗീയമഹത്ത്വം ധ്യാനവിഷയമാക്കുന്ന ഈ പള്ളിക്കൂദാശക്കാലത്തിൽ ആ മഹത്ത്വത്തിൽ എത്തിച്ചേരാനുള്ള വഴിയായി നമ്മുടെ സ്നേഹജീവിതം മാറട്ടെ.

ചീഫ് എഡിറ്റർ




റവ. ഡോ. ചാൾസ് പൈങ്ങോട്ട് സി. എം. ഐ.

**ദൈ**വത്തിനു മനുഷ്യനെയും അവന്റെ രക്ഷയെയുംകുറിച്ചുള്ള പദ്ധതിയെ പൗരസ്ത്യ സുറിയാനി സഭ ആണ്ടുതോറും അനുസ്മരിക്കുന്നു. ഈ പദ്ധതിയുടെ ഓരോ ഭാഗവും ഏഴ് ആഴ്ചകൾ വീതമുള്ള സമയപരിധികളിൽ ഒതുക്കിനിർത്തിയാണ് ഈ അനുസ്മരണ. അങ്ങനെയുള്ള ഏഴ് ആഴ്ചകളെ ഒന്നിച്ചുചേർക്കുമ്പോൾ ആരാധനാവത്സരമായി. ഈശോയുടെ ജനനം, പരസ്യജീവിതം, പീഡാനുഭവവും മരണവും, തിരുവുത്ഥാനം, സ്വർഗ്ഗാരോഹണം, പന്തക്കുസ്താ എന്നീ സംഭവങ്ങളും രക്ഷണീയ കർമ്മത്തിൽ ദൈവം സഹായിയായി തെരഞ്ഞെടുത്ത പരിശുദ്ധ അമ്മ, മാർ യൗസേപ്പ് എന്നിവരുടെ അനുസ്മരണങ്ങളും ആരാധനാവത്സരത്തിന്റെ ഭാഗങ്ങളാണ്. ഈശോയുടെ ശാരീരികമായ സാന്നിദ്ധ്യം ഇല്ലാതായതോടെ രക്ഷാദൗത്യം തുടർന്നുകൊണ്ടുപോകുന്നതിന് ശ്ലീഹന്മാർ ഉണ്ടായിരുന്നു. അവരും മൺമറഞ്ഞതോടെ ഈ പ്രവർത്തനം തിരുസ്സഭയിലൂടെയാണ് നടക്കുന്നത്. ഏഴ് ആഴ്ചകൾ വീതമുള്ള സമയപരിധികളിൽ ഒതുക്കി രക്ഷാപദ്ധതിയുടെ വിവിധ ഭാഗങ്ങളെ സഭ ആണ്ടുതോറും അനുസ്മരിക്കുന്നു. ഇങ്ങനെ ഏഴ് ആഴ്ചകളിലടങ്ങുന്ന പദ്ധതികൾ ആചരിച്ച ശേഷം പുതിയ വത്സരം തുടങ്ങുന്നതുവരെ ഒരു ഇടവേള ഉണ്ടാകും. നാലാഴ്ചകൾ മാത്രം ദൈർഘ്യമുള്ള പള്ളിക്കൂദാശക്കാലം ആ ഇടവേള നികത്തുന്നു. പള്ളി എന്ന് ഇവിടെ പറയുന്നത് സ്ഥാപനത്തെ (ഇൻസ്റ്റിറ്റ്യൂഷൻ) അല്ല. പള്ളിക്കെട്ടിടത്തെ ഉദ്ദേശിച്ചാണ്. ഈ കാലത്തെക്കുറിച്ച് അന്യദാ പ്രതിപാദിച്ചിട്ടുള്ളതിനാൽ[1] ഈ ആഴ്ചകളിലെ ചിന്താവിഷയങ്ങളെക്കുറിച്ചു മാത്രം ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

ഈശോയുടെ രക്തത്താൽ രക്ഷ കിട്ടിയവരുടെ സമൂഹമാണ് സഭ. അക്കൂട്ടത്തിൽ മാനസാന്തരപ്പെട്ട ദുർമാർഗികളും കള്ളന്മാരും കൊലയാളികളുമൊക്കെയുണ്ടാകും. വിശുദ്ധരായ അഗസ്റ്റിൻ, നല്ലകള്ളൻ, മഗ്ദലനാമറിയം, ദാവീദ് എന്നിവരൊക്കെ ഉദാഹരണങ്ങളാണ്. അവരുടെ കാര്യം പോകട്ടെ. നമ്മുടെയൊക്കെത്തന്നെ കാര്യവും അതുതന്നെയാണല്ലോ. മാമ്മോദീസാ വഴി നാമെല്ലാം സഭയിലെ അംഗങ്ങളാണ്. നമുക്കു കിട്ടിയ ഈ അംഗത്വം നമ്മുടെ യോഗ്യതയുടെ ഫലമല്ല. ദൈവം നല്കിയ ഒരു ദാനം മാത്രമാണത്. പഴയനിയമത്തിലെ ദൈവജനത്തിൽനിന്നും തീർത്തും വിഭിന്നമായ ജനതയാണ് സഭ. പഴയനിയമത്തിലെ ദൈവജനം ദൈവത്തിന്റെ സാമീപ്യം

1. ചാൾസ് പൈങ്ങോട്ട്, ആരാധനാവത്സരം (2017) 284-290.

നേരിട്ടനുഭവിച്ചവരാണ്. നമുക്കാകട്ടെ അത്തരത്തിലൊരു ദിവ്യസാമീപ്യം കണ്ടറിയുവാൻ ഭാഗ്യം കിട്ടിയില്ലെങ്കിലും വേറൊരു തരത്തിൽ ദൈവത്തിന്റെ വാത്സല്യം നമുക്ക് ലഭിച്ചിട്ടുണ്ട്. പരമോന്നതന്റെ ഈ വാത്സല്യവും കരുണയും അയവിറക്കിക്കൊണ്ട് സ്തുതി പാടുന്ന ദിവസങ്ങളാണ് പള്ളിക്കൂദാശക്കാലം എന്നുപറയാം. ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം മ്ശിഹായിൽനിന്ന് അകന്നുള്ള ജീവിതമാണ് നാം നയിക്കുന്നത് (2 കൊറി 5,6). ഈ വിപ്രവാസത്തിൽ സാന്ത്വനമരുളി തന്റെ പക്കലേക്ക് നമ്മെ ഉയർത്തുവാൻ മനുഷ്യസ്നേഹിയായ ദൈവം തന്റെ പുത്രനെ നമുക്ക് സ്വന്തമായി നല്കുകയാണ് ചെയ്തത്. പുത്രനാകട്ടെ നാമർഹിക്കാത്ത വില നല്കി നമ്മെ തന്റെ  സ്വന്തമാക്കി എന്ന് വി. പൗലോസ് പറയുന്നു (1 കൊറി 7,23). ഈ വിലയുടെ വിലയെപ്പറ്റി വി. പത്രോസ് എഴുതിയിരിക്കുന്നത് നമ്മുടെ ഭാവനയെ ഉണർത്തുന്ന ഭാഷയിലാണ്: "നിങ്ങളുടെ പിതാക്കന്മാർമൂലം നിങ്ങൾക്കു കിട്ടിയിട്ടുള്ള നിഷ്ഫലവൃത്തികളിൽനിന്ന് നിങ്ങൾ രക്ഷിക്കപ്പെട്ടത് നശിച്ചുപോകുന്ന വെള്ളിയോ പൊന്നോ കൊണ്ടല്ല; കറയും കളങ്കവും ഇല്ലാത്ത മിശിഹാ ആകുന്ന കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലത്രേ" (1 പത്രോ 1,18-19).

ദാനം കിട്ടിയവർ ദാതാവിനെയോർത്ത് നന്ദി പറയുക മനുഷ്യസഹജമാണ്. പല മൃഗങ്ങൾപോലും അവയുടേതായ രീതിയിൽ നന്ദി പ്രകടിപ്പിക്കാറുണ്ട്. വളർത്തുമൃഗങ്ങളിൽ കാണാറുള്ള പ്രത്യേക ഗുണമാണിത്. ബുദ്ധിയും ചിന്താശക്തിയുമുള്ള മനുഷ്യൻ ദൈവത്തിനു നന്ദി പ്രകടിപ്പിക്കുക അവന്റെ കടമയാണ്. തനിച്ചും പലർ ഒന്നിച്ചുകൂടിയുമാണ് ഈ നന്ദിപ്രകടനം നടത്താറുള്ളത്. ഒരാളുടെ യാത്രയയപ്പിനു പലർ ചേർന്ന് നന്ദി കാണിക്കുക നമ്മുടെ പതിവാണല്ലോ. അങ്ങനെയുള്ള യാത്രയയപ്പ് യോഗങ്ങൾ പാരീഷ്ഹാളുകളിലോ സ്കൂളുകളിലോ വച്ചായിരിക്കും സാധാരണ നടത്തുക. അതുപോലെ ദൈവത്തോടുള്ള നമ്മുടെ കൃതജ്ഞത സമൂഹമായർപ്പിക്കുക പണ്ടേതന്നെയുള്ള പതിവാണ്. വീടുകളിലാണെങ്കിൽ വീട്ടംഗങ്ങളെല്ലാം ഒരുമിച്ചു ചേർന്നാണല്ലോ സന്ധ്യാപ്രാർത്ഥന നടത്തുക. തന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടിയാൽ താനും അവിടെ ഉണ്ടായിരിക്കും എന്നാണല്ലോ ഈശോ പറഞ്ഞിട്ടുള്ളതും (മത്താ 18,20). രണ്ടോ മൂന്നോ അല്ല അതിലേറെ ആളുകൾ ഒരുമിച്ചുകൂടി, പ്രത്യേകിച്ച് ഞായറാഴ്ചകളിൽ, ദൈവത്തിന് നന്ദിയർപ്പിച്ചു  സ്തുതിക്കുന്ന വേദിയാണല്ലോ പള്ളി. വി. കുർബാനയ്ക്ക് ഇംഗ്ലീഷിൽ പറയാറുള്ള Eucharist എന്ന വാക്കിന്റെ അർത്ഥം തന്നെ നന്ദിപ്രകടനം എന്നാണല്ലോ. ഇപ്രകാരമുള്ള നന്ദിപ്രകടനത്തിന്റെ വേദിയാണ് പള്ളിക്കെട്ടിടം. ആ കെട്ടിടം സ്കൂളുകൾ പോലുള്ള മറ്റു കെട്ടിടങ്ങളിൽനിന്നും തീർത്തും വ്യത്യസ്തമാണ്. ലോകത്തിന്റെ പ്രകാശമായ ഈശോയെപ്പറ്റി (യോഹ 8,12) ഓർമ്മിപ്പിച്ചുകൊണ്ട് സൂര്യൻ ഉദിച്ചുയരുന്ന കിഴക്കുദിക്കിലേക്ക് നോക്കിയാണ് നമ്മുടെ പള്ളികൾ പണ്ടുകാലത്ത് പണിതിരുന്നത്. പള്ളിക്കെട്ടിടം ആരാധനയുടെ വേദിയാണ്. അതിനു പ്രത്യേകമായ ഒരു പൂജ്യതയുണ്ട്. ഈശോ പൈതൃകമായി അനുയായികൾക്ക് ഏല്പിച്ചുകൊടുത്ത പരി. കുർബാനയുടെ അർപ്പണം നടക്കുന്നത് അവിടെവച്ചാണ്. അതിനാൽതന്നെ ആ കെട്ടിടത്തെ പ്രത്യേകമായി ദൈവത്തിന് പ്രതിഷ്ഠിക്കുക യുക്തമാണല്ലോ. പാലങ്ങൾ, റോഡുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ പണി പൂർത്തിയാക്കി ഒരു പ്രത്യേകാതിഥിയെക്കൊണ്ട് അവ ഉദ്ഘാടനം ചെയ്യിക്കുക നമ്മുടെ നാട്ടിലെ പതിവാണ്. അങ്ങനെയെങ്കിൽ ദൈവാരാധനയ്ക്കായി, പ്രത്യേകിച്ച് ഞായറാഴ്ചയാചരണത്തിനായി, പണിതുയർത്തുന്ന കെട്ടിടത്തിൽ  പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പ് ഒരു ചടങ്ങ് അഥവാ കർമ്മം നടത്തുക തികച്ചും യുക്തമാണ്. ഇങ്ങനെ പള്ളിക്കെട്ടിടത്തിന്റെ മാമ്മോദീസായാണ് പള്ളിക്കൂദാശ എന്നു പറയാം. പള്ളിക്കെട്ടിടത്തിന്റെ വാതിലുകളുൾപ്പെടെ പല ഭാഗത്തും സ്ലീവായുടെ അടയാളം വരച്ച് അതിനെ ഒരു പ്രത്യേക കെട്ടിടമായി മാറ്റുകയാണ് ഈ കർമ്മത്തിലൂടെ നടക്കുന്നത്. പൗരസ്ത്യ സുറിയാനി ക്രമപ്രകാരം മദ്ബഹാ കൂദാശ ചെയ്യുന്ന പ്രാർത്ഥന ഇങ്ങനെ പരിഭാഷപ്പെടുത്താം: സർവ്വശക്തനും അഗ്രാഹ്യനും അളവില്ലാത്തവനുമായ കർത്താവേ, മനുഷ്യ നിർമ്മിതങ്ങളായ ആലയങ്ങളിൽ വസിക്കാത്ത നിന്നെ വഹിക്കാൻ



ആകാശമണ്ഡലം അശക്തമാണ്. ബലഹീനരായ ഞങ്ങളെ സഹായിക്കുന്നതിന് നീ ഈ ലോകത്തിൽ ഈ മന്ദിരം നല്കിയിരിക്കുന്നു. കൂടാതെ മനുഷ്യകരങ്ങൾ തൊടാത്ത സമ്പൂർണമായ ഒരു വലിയ ഭവനവും സ്വർഗ്ഗത്തിൽ നീ ഞങ്ങൾക്കായി ഒരുക്കി. അവിടെ ഞങ്ങൾക്കു മുന്നോടിയായി ഞങ്ങളുടെ കർത്താവീശോമ്ശിഹാ പ്രവേശിക്കുകയും ചെയ്തു. നിന്റെ ശുശ്രൂഷയുടെ ബഹുമാനാർത്ഥം പ്രത്യേകം നിയോഗിച്ചിരിക്കുന്ന ആലയങ്ങളിൽ വസിക്കുവാൻ നീ തിരുമനസ്സാകുകയും ചെയ്തു. നാഥനായ നിന്നോട് ഇപ്പോൾ ഞങ്ങൾ കേണപേക്ഷിക്കുന്നു: ആദ്യത്തെ കൂടാരത്തെ മൂശെ വഴി നീ വേർതിരിച്ചതുപോലെയും (പുറ 40,1 മുതൽ) ശ്ലേമോൻ വഴി സെഹിയോനിൽ കൂടാരത്തെ നിർമ്മിച്ചതുപോലെയും (1 രാജാ 6,1 മുതൽ) നിന്റെ വിശുദ്ധ ശ്ലീഹന്മാർവഴി നിന്റെ പള്ളിയെ നീ വിശുദ്ധീകരിച്ചതുപോലെയും, കർത്താവേ, നിന്റെ ബഹുമാനാർത്ഥം നിർമ്മിച്ച ഈ മദ്ബഹായെയും വിശുദ്ധീകരിക്കണമേ. ഇതു നിന്റെ വാസത്തിന് അനുയോജ്യമായ ഒന്നായിത്തീരട്ടെ. പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങൾ ഇതിന്മേൽ നല്ല ഹൃദയത്തോടും മനസ്സാക്ഷിയോടുംകൂടെ അർപ്പിക്കുന്നവർക്ക് കടങ്ങളുടെ പൊറുതിക്കായി ഭവിക്കുകയും ചെയ്യട്ടെ.[2]

ഇനി പള്ളിക്കൂദാശക്കാലത്ത് പൗരസ്ത്യ സുറിയാനിസഭ കർത്താവിനർപ്പിക്കുന്ന സ്തുതിപ്പുകൾക്കു ചില ഉദാഹരണങ്ങൾ കൊടുത്തുകൊള്ളട്ടെ.

ഞങ്ങളുടെ രക്ഷകനേ, നിന്റെ വിലയേറിയ രക്തത്താൽ നീ നേടിയെടുത്ത സഭ, ഇതാ നിന്റെ മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തിന്റെ ദിവസം മഹത്ത്വത്തിൽ തിളങ്ങി ശോഭിക്കുന്നു. വഞ്ചകരായ ജനത്തിന്റെ സ്ഥാനത്ത് അവൾ നിനക്ക് കീർത്തനമുയർത്തുന്നു.[3]

ഈശോയെ ക്രൂശിച്ചവരുടെ സ്ഥാനത്ത് ഇന്നു സഭ ഈശോയ്ക്കു സ്തുതി പാടുന്നതായി മറ്റൊരു ഗീതത്തിൽ കാണാം.[4] വേറൊരു ഗീതത്തിൽ കാണുന്നത് കടലിൽ കപ്പൽ എന്ന പോലെയാണ് സഭ എന്നാണ്.  സഭയാകുന്ന കപ്പൽ അഴിവില്ലാത്ത ജീവിതത്തിലേക്കാണ് നീങ്ങുന്നത് എന്നുമാത്രം.[5] ഇനിയുമൊരു ഗീതം പറയുന്നത് കർത്താവ് സഭയ്ക്ക് ഭക്ഷണവും പാനീയവുമായി സ്വന്തം ശരീരരക്തങ്ങളെ നല്കിയെന്നാണ്.[6] സഭയെ വധുവായി ചിത്രീകരിക്കുന്ന ഗീതങ്ങളും ഉണ്ട്.[7] നാം സ്ത്രീധനം എന്നു പറയുന്നിടത്ത് ഈശോ ധനമായി സഭയ്ക്കു കൊടുത്തത് തന്റെ ശരീരരക്തങ്ങൾ ആണെന്നുമാത്രം.[8] നമ്മുടെ നാട്ടിൽ സ്ത്രീധനം എന്നു പറയുന്നതിന്റെ സ്ഥാനത്ത് മധ്യപൂർവ്വദേശങ്ങളിൽ വരന്റെ പിതാവ് വധുവിന്റെ പിതാവിനാണ് പണം കൊടുത്തിരുന്നത്.[9]

ഈ ചെറിയ ലേഖനത്തിന്റെ അവസാനമെന്നോണം പൗരസ്ത്യസുറിയാനിസഭയുടെ കാനോനാ നമസ്കാരത്തിൽ പള്ളിക്കൂദാശക്കാലത്തുള്ള ഒരു ഗീതം പരിഭാഷപ്പെടുത്തി ചേർക്കുന്നു: "കർത്താവേ, ഉത്തമവും മഹനീയവുമായ നിന്റെ വാസസ്ഥലം എത്ര ശ്രേഷ്ഠവും നിന്റെ മദ്ബ്ഹാ എത്ര വന്ദനീയവുമാകുന്നു. ഉന്നതങ്ങളിൽ വസിക്കുന്ന നിന്റെ മഹത്ത്വം വലുതുതന്നെ. പ്രകാശത്തിൽ താമസിക്കുന്ന കർത്താവായ ത്രിത്വം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ആർപ്പുവിളിക്കുന്ന മാലാകാമാർ ഇങ്ങനെ ആലപിക്കുന്നു: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരുപോലെ സ്തോത്രം. ഓശാനകളാലപിച്ചുകൊണ്ട് അവരോടു ചേർന്ന് നിന്നെ സ്തുതിച്ചാർപ്പു വിളിക്കുവാൻ ഞങ്ങളെ സഹായിക്കുക. കർത്താവേ, മർത്യരായ ഞങ്ങളുടെ വംശം മുഴുവന്റെയും നേർക്ക് നീ കാണിച്ച അനുഗ്രഹം വലുതാകുന്നു. കർത്താവേ, നിനക്കു സ്തുതി".[10]

2. Chaldean Pontifical (in Syriac) Rome 1957, 35
3. Bedjan, Chaldean Breviary (in Syriac) Vol 3, 405
4. Ibidem
5. Idem 406
6. Idem 407
7. Idem 404
8. Idem 410
9. cfr De Vaux R, Ancient Israel (1965) 26ff.
10. Bedjan, III, 418

സെനക്കിൽ ആദ്ധ്യാത്മികത - 54



# അരൂപിയിൽ ഈശോയിലുള്ള ജീവിതം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

ക്രിസ്തീയജീവിതത്തിന്റെ ആസ്വാദ്യത, അത് ഈശോയോടൊത്തുള്ള ജീവിതമാണെന്നതാണ്. എന്നാൽ ഈശോയോടൊത്തായിരിക്കുക എന്നത് വിശ്വാസത്തിലൂടെമാത്രം അനുഭവിക്കാൻ സാധിക്കുന്നതായതുകൊണ്ട് പലർക്കും അത് വേണ്ടതുപോലെ ആസ്വദിക്കാൻ കഴിയുന്നില്ല. അത് എപ്രകാരം ആസ്വദിക്കണമെന്ന് ഈശോ സെനക്കിളിൽ വ്യക്തമായി പറയുന്നുണ്ട്: "നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു" (യോഹ 14,25). അവിടുന്ന് ജീവിച്ചിരുന്നപ്പോൾ അവിടുത്തെ ദൃശ്യമായ സാന്നിദ്ധ്യം ആസ്വദിച്ചിരുന്ന ശിഷ്യന്മാർക്ക്, ഈ സാന്നിദ്ധ്യം നഷ്ടപ്പെടാൻ പോകുന്നു എന്ന സൂചന ഈ പ്രസ്താവനയിലുണ്ട്. താൻ പോയിക്കഴിഞ്ഞാലും തന്നോടുകൂടെ ജീവിക്കാൻ പഠിക്കണം; അത് അരൂപിയിലൂടെയായിരിക്കണം എന്നെല്ലാമുള്ള സൂചനകൾ യോഹ 14,25-31 ൽ കാണാം.

**അരൂപിയുടെ പ്രബോധനം സ്വീകരിക്കുന്ന ജീവിതം**

"എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14,26). ഈശോയുമായുള്ള ഐക്യത്തിൽ ദൈവപിതാവ് പരിശുദ്ധാരൂപിയെ അയയ്ക്കും. ആ പരിശുദ്ധാരൂപി ഈശോ പറഞ്ഞിട്ടുള്ള കാര്യങ്ങളും പറയുന്ന കാര്യങ്ങളുമെല്ലാം നമ്മെ പഠിപ്പിക്കും. ഈ പഠനം മനസ്സിലാക്കി, അതിനനുസൃതമായി ജീവിക്കുമ്പോൾ ഈശോയോടൊത്തു ജീവിക്കുന്ന അനുഭവം നമുക്കുണ്ടാകും. ഈശോ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമുക്കു മനസ്സിലാക്കിത്തരുന്നത് പരിശുദ്ധാരൂപിയാണ്. ഈശോ ഇന്നു നമ്മോടു സംസാരിക്കുന്നതും നമ്മെ പഠിപ്പിക്കുന്നതും അരൂപിയിലൂടെയാണ്. സഭയുടെ ഔദ്യോഗികപ്രബോധനങ്ങൾക്കനുസൃതമായും, വ്യക്തിപരമായി അരൂപിയുടെ നിവേശനങ്ങൾക്കനുസൃതമായും ജീവിക്കുമ്പോൾ, ഈശോയോടൊത്തുള്ള ജീവിതം നമുക്ക് ആസ്വദിക്കാനാവും.

**ഈശോയുടെ സമാധാനം അനുഭവിക്കുന്ന ജീവിതം**

"ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു" (യോഹ 14,27). ഈശോ തന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ നമുക്കു നേടിത്തന്ന സമാധാനമാണ് യഥാർത്ഥ സമാധാനം. ഈശോയുടെ ജനനസന്ദർഭത്തിൽ സ്വർഗ്ഗീയഗണം ആലപിച്ച സമാധാനം: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്കാ 2,14). ദൈവത്തോടും സഹോദരങ്ങളോടും അനുരഞ്ജനപ്പെട്ട് അവരുടെ സ്നേഹസാന്നിദ്ധ്യം അനുഭവിച്ചാസ്വദിക്കുമ്പോഴുണ്ടാകുന്ന സമാധാനം. ഈ ലോകത്തിലെ പരിമിതികളിലൂടെയും സ്നേഹമില്ലായ്മയിലൂടെയുമുണ്ടാകുന്ന അസ്വസ്ഥതകളുടെ മദ്ധ്യേ അരൂപിയിലൂടെയുള്ള ഈശോയുടെ സ്നേഹസാന്നിദ്ധ്യം നമുക്കു സമാധാനം നല്കും. അരൂപിയിലൂടെയും ഈശോയിലൂടെയും പിതാവായ ദൈവത്തിന്റെയും ദൈവമക്കളായ മനുഷ്യരുടെയും സ്നേഹസാന്നിദ്ധ്യം നമുക്ക് ആസ്വാദ്യകരമായി അനുഭവവേദ്യമാകും. അപ്രകാരം ഈശോയുടെ സമാധാനം അനുഭവിച്ച് ഈശോയോടൊത്തു ജീവിക്കുവാൻ നമുക്കു കഴിയണം.

**ഈശോയിൽ സന്തോഷിക്കുന്ന ജീവിതം**

"നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ, പിതാവിന്റെ അടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ, പിതാവ് എന്നെക്കാൾ വലിയവനാണ്" (യോഹ 14,28). ഈശോയുടെ ദൃശ്യമായ വേർപാട് ശിഷ്യരെ അസ്വസ്ഥരാക്കിയിരുന്നു. എന്നാൽ അതിന്റെ സ്വഭാവം മനസ്സിലാക്കിയിരുന്നുവെങ്കിൽ അവർ സന്തോഷിക്കുമായിരുന്നു. കാരണം അപ്രകാരമുള്ള വേർപാടിലൂടെമാത്രമേ ഉത്ഥാനത്തിലൂടെയുള്ള ഈശോയുടെ സാന്നിദ്ധ്യം അവർക്ക് ലഭിക്കുമായിരുന്നുള്ളു. ദൈവപിതാവിന്റെ രക്ഷാകരമായ സ്നേഹപദ്ധതിയാണ് അതിലൂടെ പൂർത്തിയാക്കപ്പെടുന്നത്. ഈശോയുടെ ശാരീരികമായ വേർപാടിലൂടെ കരഗതമായ അരൂപിയിലുള്ള ഈശോയുടെയും ദൈവപിതാവിന്റെയും മനുഷ്യരുടെയും സ്നേഹസമാഗമം അലൗകികമായ സന്തോഷം പ്രദാനം ചെയ്യുന്ന അനുഭവമായിത്തീരും. ഈശോയോടൊത്ത് ഇപ്രകാരമുള്ള സന്തോഷത്തിന്റെ ജീവിതം നയിക്കുവാൻ നമുക്കു കഴിയണം.



# കാത്തിരിക്കാം ആ ദിനത്തെ....

സ്റ്റെഫി മംഗലത്തുകുന്നേൽ

**മാ**ലാഖമാരോടൊത്ത് ത്രിത്വത്തെ പാടിപ്പുകഴ്ത്തുന്ന പുണ്യമുഹൂർത്തത്തെ അനുസ്മരിപ്പിക്കുന്ന പള്ളിക്കൂദാശക്കാലം.... സംഹാരതാണ്ഡവമാടിയ പ്രളയജലത്തിന്റെ കെടുതികൾ നമ്മെ ഓർമ്മിപ്പിച്ചു – എപ്പോഴും തയ്യാറായിരിക്കണം. സ്വർഗീയ മണവറയിൽകുറഞ്ഞ മറ്റൊരു ലക്ഷ്യവും എന്റെ ആത്മാവിനുണ്ടാകരുത്. ഞാൻ മാത്രം രക്ഷപെട്ടാൽ പോരാ എന്ന ചിന്തയിൽ സ്വന്തം ജീവൻ പണയം വച്ചും മറ്റുള്ളവരെ രക്ഷിക്കാനിറങ്ങിയ അനേകരുടെ ചിത്രം നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞുപോയിട്ടില്ല. നശ്വരമായ ജീവനുവേണ്ടി പോരാടിയതുപോലെ നമ്മുടെയും മറ്റുള്ളവരുടെയും ആത്മാവിനുവേണ്ടിയും ഇതുപോലെ പോരാടാൻ ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നു. ഈ പ്രളയജലം എന്റെ ജീവനെയും തിരികെയെടുത്തിരുന്നുവെങ്കിൽ... ഒരുങ്ങിയിരുന്നുവോ ഞാനുംഎന്റെ കുടുംബവും? ദൈവപ്രമാണങ്ങളോടു വിശ്വസ്തത പുലർത്തി, വീഴ്ചകൾ വരുമ്പോൾ അനുരഞ്ജനകൂദാശ വിശ്വസ്തയോടെ സ്വീകരിച്ച്, ദൈവവിളിക്കു കാതോർത്തിരിക്കുവാൻ നാം അമാന്തിച്ചുകൂടാ... സ്വർഗത്തെ പ്രാപിക്കുവാനായി പ്രർത്ഥനയോടെ കാത്തിരിക്കുന്ന, നമ്മുടെ കുടുംബത്തിലെ പ്രായമായവരുടെ നേർക്കും ഇതേ കരുതൽ നമുക്കുണ്ടാവണം. അവർ പകർന്നു തന്ന വിശ്വാസദീപമാണ് നമ്മെ ഇന്നും ജീവിപ്പിക്കുന്ന ശക്തിയെങ്കിൽ, സ്വയമേ പ്രാർത്ഥിക്കാൻ ശക്തിയില്ലാതാകുമ്പോൾ അവരെ സഹായിക്കേണ്ടത് നമ്മുടെ കടമയും അവരുടെ അവകാശവുമാണ്.

കുടുംബത്തിലെ ജോലികളെല്ലാം വളരെ കൃത്യതയോടെ ചെയ്ത് ഭർത്താവിനെയും മക്കളെയും പൊതിച്ചോറുകെട്ടി യാത്രയാക്കിയശേഷം വൃദ്ധയായ തന്റെ അമ്മായിഅമ്മയോടു ചേർന്ന് മണിക്കൂറുകൾ പ്രാർത്ഥനയിൽ ചിലവഴിച്ചിരുന്ന ഒരു വീട്ടമ്മയുടെ ചിത്രം ഇന്നും എന്റെ മനസ്സിൽനിന്നും മാഞ്ഞുപോയിട്ടില്ല. പെസഹാ അപ്പത്തിൽ കുരിശുവയ്ക്കാനും പാലു കാച്ചുമ്പോൾ കുരുത്തോല ഇടുവാനും വൃദ്ധയായ ആ അമ്മയുടെ കൈപിടിച്ചു കൊണ്ടുപോകുന്ന രംഗം പലപ്പോഴും എന്റെ കണ്ണുകളെ ഈറനണിയിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കുടുംബത്തിന് തമ്പുരാൻ ഉപരി നന്മ പ്രദാനം ചെയ്യുകയില്ലേ.... ഇതുകണ്ടു വളരുന്ന മക്കളുടെ ജീവിതവും ഒരിക്കലും തിന്മയായി ത്തീരുകയില്ല.

വൃദ്ധരായ ദമ്പതികളുടെ ഏറെ നാളത്തെ പ്രാർത്ഥനയ്ക്കുശേഷം ജനിച്ച വി. റീത്ത ഒരു സന്യാസിനിയാകാൻ ഏറെ ആഗ്രഹിച്ചിരുന്നു. എന്നാൽ മാതാപിതാക്കളോടുള്ള അനുസരണത്തെപ്രതി അവൾ കുടുംബജീവിതം തിരഞ്ഞെടുത്തു. മദ്യപാനിയും ഉപദ്രവകാരിയുമായ ഭർത്താവിനെ ഏറെ ത്യാഗത്തോടെയുള്ള പ്രർത്ഥനയിലൂടെ മനസാന്തരപ്പെടുത്തി. സന്തുഷ്ടമായ കുടുംബജീവിതം ആരംഭിച്ച അവൾ ഒരു ദിവസം കേൾക്കുന്നത് രാവിലെ ജോലിക്കായി പുറപ്പെട്ട ഭർത്താവ് ശത്രുക്കളാൽ കൊല്ലപ്പെട്ടു എന്ന വാർത്തയാണ്. കൂദാശകൾ സ്വീകരിച്ച് ഒരുങ്ങാതെ ഭർത്താവു മരിച്ചു എന്ന ദുഃഖത്തിലും, ദൈവം






അതിലുപരിയായി നന്മ കണ്ടിട്ടുണ്ടാവും എന്നവൾ വിശ്വസിച്ചു. ഭർത്താവ് റീത്തായെ കഠിനമായി പീഡിപ്പിച്ചിരുന്നുവെന്ന കാര്യം റീത്തായിൽ നിന്നല്ല, മാനസാന്തരപ്പെട്ട ഭർത്താവ് ഫെർഡിനാന്റോയിൽ നിന്നാണ് പുറംലോകം അറിയുന്നത്. ഭർത്താവിന്റെ ഘാതകരെ കൊല്ലാൻ തന്റെ മക്കൾ തീരുമാനിച്ചതറിഞ്ഞ ആ അമ്മ, അവർ പാപം ചെയ്യുന്നതിനെക്കാൾ മരിച്ചു കാണുന്നതാണ് ഇഷ്ടം എന്നു പ്രാർത്ഥിച്ചു. ദൈവം അതു കേൾക്കുകയും ചെയ്തു.

ഫെർഡിനാന്റോയുടെ മാനസാന്തരത്തിനുശേഷമാണ് ദൈവം അവർക്കു കുഞ്ഞുങ്ങളെ പ്രദാനം ചെയ്തതുപോലും.... ലോകദൃഷ്ടിയിൽ റീത്തായുടെ കുടുംബജീവിതം പരാജയമായിരുന്നു. പക്ഷേ ഒരിക്കൽ പോലും സന്തോഷവതിയല്ലാത്ത റീത്തായെ ആരും കണ്ടിട്ടില്ല. ജീവിതത്തിലെ ദൈവഹിതം ചിക്കിചികഞ്ഞെടുക്കുവാൻ വൃദ്ധരായ മാതാപിതാക്കൾ അവളെ പഠിപ്പിച്ചിരുന്നു.

ലോകം കഷ്ടം, നഷ്ടം എന്നു വിശേഷിപ്പിക്കുന്നതിലും ദൈവഹിതം കണ്ടെത്തുവാൻ നമുക്കു കഴിയുമ്പോൾ നാം ദൈവത്തോടു ചേർന്നു നിൽക്കുന്നു. ഈ ലോകജീവിതത്തിൽ ചെറിയ ചെറിയ കള്ളത്തരത്തിലൂടെ, ആരുമറിയാതെ നാം നേടുന്ന ചെറുസമ്പാദ്യം നമ്മെയും കുടുംബത്തെയും നിത്യനരകത്തിലെത്തിക്കുമെങ്കിൽ, ഒരു കുടുംബം മുഴുവൻ അന്നന്നത്തെയപ്പത്തിനു വകയില്ലാതെ ദരിദ്രരായി കഴിയുന്നതുതന്നെ ഉത്തമം. എന്തെന്നാൽ ദൈവദൃഷ്ടിയിൽനിന്നും ഒന്നും മറയ്ക്കപ്പെട്ടിട്ടില്ല.

നമ്മുടെ ചെയ്തികളോരോന്നും അവിടുന്നു കാണുന്നു. എന്നാൽ ഒരിക്കൽ അനുതപിച്ചവ പിന്നീട് അവിടുന്ന് ഓർമ്മിക്കുകയില്ലെന്നും നമുക്കറിയാം. അതിനാൽ മിശിഹാ രാജാവും വിധികർത്താവുമായി വരുമ്പോൾ അവിടുത്തെ വലത്തുഭാഗത്ത് അണിനിരക്കുവാൻ ഇടയാകത്തക്കവിധം നമ്മുടെ ആത്മാവിനെ നിർമ്മലമായി നമുക്ക് സൂക്ഷിക്കാം.



# സംതൃപ്തമാണെൻ സമർപ്പണം

വത്സമ്മ മുളവന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ദുഃഖങ്ങളുണ്ടായാലും  ക്ലേശങ്ങളുണ്ടായാലും
സമർപ്പണമെന്നും സമർപ്പണംതന്നെ
എന്റെ സമർപ്പണമെന്നും  സമർപ്പണംതന്നെ
പ്രാർത്ഥനയില്ലെന്നാകിൽ പ്രത്യാശയില്ലെന്നാകിൽ
സമർപ്പണജീവിതം ദുഷ്കരമല്ലോ
എന്റെ സമർപ്പണജീവിതം ദുഷ്കരമല്ലോ

കർത്താവുതന്നതാം  കുരിശുകളില്ലെങ്കിൽ
കർത്താവിനെത്തന്നെ മറക്കുകയില്ലേ-ഞാൻ
കർത്താവിനെത്തന്നെ മറക്കുകയില്ലേ
എല്ലാർക്കുമെപ്പോഴും എല്ലാം ലഭിച്ചാൽ
സ്വർലോകത്തെയും വെറുക്കില്ലേ-നമ്മൾ
സ്വർലോകത്തെയും വെറുക്കില്ലേ

സ്വയം ത്യജിക്കണം കുരിശുവഹിക്കണം
നാഥന്റെ പിന്നാലെ പോയിടേണം
ഞാനെന്നും-നാഥന്റെ   പിന്നാലെ പോയീടേണം
അഴിയണം ഞാനെന്നും ഗോതമ്പിൻമണിപോലെ
എങ്കിലേ സമർപ്പണം ധന്യമാകൂ
എന്നുടെ സമർപ്പണം ധന്യമാകൂ

പരസ്പരം സ്നേഹിക്കണം കർത്താവിൻ-
കല്പനയല്ലേ, സ്വർഗ്ഗീയതാതന്റെ ആശയതല്ലേ
സ്നേഹിക്കണം ഞാൻ സോദരരെയെല്ലാം
എങ്കിലേ ശിഷ്യത്വം പൂർണമാകൂ
ഞാനെന്നും നാഥന്റെ ശിഷ്യയാകൂ

അളവുകളില്ലാതെ വ്യവസ്ഥകൾ വയ്ക്കാതെ
സ്നേഹിച്ചിടേണം ശത്രുവിനെയും-ഞാൻ
സ്നേഹിച്ചിടേണം ശത്രുവിനെയും
എങ്കിലേ സ്വർഗീയതാതന്റെ പൂർണത നേടൂ
ഞാനെന്നും നാഥന്റെ വത്സലയാകൂ

ദൈവമേ നന്ദി ഞാൻ ചൊല്ലുന്നു നിത്യവും
നിൻ സ്നേഹമോർത്തും നിൻ വിളിക്കും
എന്നും നിൻ സ്നേഹമോർത്തും നിൻ വിളിക്കും
സാത്താന്റെ കെണിയിൽ ഞാൻ വീഴാതെ
കാക്കണെ-സ്വർഗരാജ്യത്തിൽ എത്തുവോളം

ദൈവത്തിൻ മാതാവാം പരിശുദ്ധ ജനനീ
ദൈവഹിതംപോൽ ജീവിച്ചിടാനും
വിശുദ്ധിതൻ പാതയിൽ മുന്നേറാനും
മാദ്ധ്യസ്ഥ്യം നല്കി നീ തുണച്ചീടണേ
അമ്മേ മാദ്ധ്യസ്ഥ്യം നല്കി നീ തുണച്ചീടണേ



# ബാധ്യത

സാബി കോഴിക്കോട്

ഒക്ടോബറിലെ ആദ്യ പത്തു ദിനങ്ങൾ ജപമാലചൊല്ലി ആത്മീയമായി ഒരുങ്ങിയശേഷം ഇടവകയിലെ 40 പേരടങ്ങുന്ന യുവജനങ്ങളുടെ ഒരു സംഘം സ്വന്തമായി തയ്യാറാക്കിയ ഉച്ചഭക്ഷണവുമായി അല്പമകലെയുള്ള അനാഥമന്ദിരത്തിലെത്തി. ഓരോ യുവാവിന്റെയും മുഖത്ത് തങ്ങൾ ചെയ്യാൻ പോകുന്ന കാരുണ്യപ്രവൃത്തിയിലുള്ള അഭിമാനം പ്രകടമായിരുന്നു. 80 ൽ പരം കുട്ടികൾ അടങ്ങുന്ന ആ സ്ഥാപനത്തിലെ സിസ്റ്റേഴ്സ് ഏറെ സ്നേഹത്തോടെ, നന്ദിയോടെ ഞങ്ങളെ സ്വീകരിച്ചു. വാഹനമോടിക്കുന്ന ഡ്രൈവർ എന്ന നിലയിൽ അവർക്കൊപ്പം കൂടാനുള്ള ഒരു അവസരം എനിക്കും ലഭിച്ചു.

സ്നേഹമന്ദിരത്തിലെ കുട്ടികൾക്കൊപ്പം ചിരിച്ചും കളിച്ചും തമാശകൾ പറഞ്ഞും ഭക്ഷണം പങ്കുവച്ചും കുറെയേറെ നേരം ഏവരും ചിലവഴിച്ചു. ഒരു ദൈവികാനുഭൂതിയിൽ ലയിച്ചതുപോലെ ഓരോരുത്തരും കുശലാന്വേഷണം നടത്തവേ, നടക്കാനാവാതെ കട്ടിലിൽ കിടന്ന സുനിത എന്ന 32 കാരിയോട് ഞാൻ ചോദിച്ചു. ഇത്രയും സന്തോഷമായിരിക്കുവാൻ നിനക്ക് സാധിക്കുന്നതെങ്ങനെ? മറുപടി ഉടനെത്തി... ഞങ്ങളുടെ ഉള്ളിലും അനാഥത്വത്തിന്റെ നീറ്റലുകളുണ്ട്. പക്ഷേ അതുള്ളിലൊതുക്കി ഞങ്ങൾ ചിരിച്ചില്ലെങ്കിൽ നിങ്ങൾ എത്രമാത്രം വേദനിക്കും!



അറിയാതെ ഞാൻ ദൈവത്തിനു നന്ദി പറഞ്ഞുപേയി. കുറെ മനുഷ്യജന്മങ്ങൾ ഇങ്ങനെയാണ്. കുന്നോളം വേദന ഉള്ളിൽ പേറുമ്പോഴും മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ പുഞ്ചിരി പൊടിക്കുന്നവർ. രോഗത്തിന്റെ വേദന കാർന്നുതിന്നുമ്പോഴും അതെല്ലാം അപരന്റെ നന്മയ്ക്ക് കാഴ്ചവയ്ക്കുന്നവർ.... ഇവരുടെ ഹൃദയത്തിന്റെ വിശാലതയിലേക്ക് നമുക്കെന്നാണ് ഒന്ന് പറന്നുയരാനാവുക?

സന്ദർശനമെല്ലാം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങവേ കുട്ടികൾ അവരവരുടെ അനുഭവങ്ങൾ പരസ്പരം പങ്കുവച്ചു. എല്ലാവർക്കും ഒരുപാട് സന്തോഷം. കുഞ്ഞുങ്ങളെ നോക്കുന്ന സിസ്റ്റേഴ്സിനോട് അതിരറ്റ ബഹുമാനം. കുറച്ചു ദിവസം അവരെ സഹായിക്കാൻ കൂടെ നില്ക്കാൻ ആഗ്രഹം. അങ്ങനെ പലതും...

യാത്രാമധ്യേ വികാരിയച്ചന്റെ ചോദ്യം ഏവരെയും ചിന്തയിലാഴ്ത്തി. മക്കളെ നിങ്ങൾക്കാണ് ഇതുപോലെയുള്ള കുഞ്ഞുങ്ങൾ ജനിക്കുന്നതെങ്കിൽ നിങ്ങൾ അവരെ ഭവനങ്ങളിൽ സംരക്ഷിക്കുമോ? ആരുമാരും ഒന്നും മിണ്ടിയില്ല. തീക്ഷ്ണതയും വാക്ചാതുരിയുമെല്ലാം ചോർന്നുപോയതുപോലെ.

എന്തുകൊണ്ടാണ് അനാഥർ ഭൂമിയിൽ പിറവിയെടുക്കുന്നത്; അവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചു പൊങ്ങുന്നത്; പിറന്നുവീണ ഭവനം തള്ളികളയുന്നതുകൊണ്ടല്ലേ...? ആധുനികയുഗത്തിൽ ഏവർക്കും മിടുക്കരായവരെ മതി. പ്രതിഭകൾ വിലമതിക്കപ്പെടുന്നു. മിടുക്കു കാട്ടാനാവാത്തവർ പിന്തള്ളപ്പെടുന്നു. ആർക്കും കുറവുകളെ നിറവുകളാക്കുവാൻ സ്വന്തം പങ്ക് നല്കാനാവുന്നില്ല. കുറവുള്ള ഭാര്യ ഭർത്താവിനൊരു ബാധ്യതയാകുന്നു. കഴിവില്ലാത്ത ഭർത്താവ് ഭാര്യയ്ക്കും കാര്യപ്രാപ്തിയില്ലാത്ത മക്കൾ മാതാപിതാക്കൾക്കും സമ്പാദിക്കാനറിയാത്ത മാതാപിതാക്കൾ മക്കൾക്കും ബാധ്യതതന്നെ. അപരൻ എനിക്കൊരു ബാധ്യതയാകുമെന്ന് തോന്നുമ്പോഴേ നാമവിടെനിന്ന് തലയൂരും...

എന്നാൽ ബാധ്യതകളെ സ്നേഹിച്ച ഒരുവൻ നമുക്കൊപ്പമുണ്ട്. നമ്മുടെ കടങ്ങളും പാപങ്ങളും ഏറ്റെടുത്തവൻ... വേദനകളിൽ നമുക്കൊപ്പം സഹിക്കുന്നവൻ... നാമൊന്നു കരയുമ്പോൾ ഹൃദയം വേദനിക്കപ്പെടുന്നവൻ... മാനവകുലത്തിന്റെ ഭാരങ്ങൾ മുഴുവൻ തോളിൽ വഹിക്കാൻ കെല്പ്പുള്ളവൻ.

ഒരുപക്ഷേ അവൻ കൂടുതൽ ഇഷ്ടപ്പെട്ടതും ബാധ്യത പേറുന്നവരെയായിരുന്നു. അവന്റെ ജീവിതം നമുക്കു മുമ്പിൽ വച്ചുനീട്ടുക അതിരുകൾ മറന്ന് സ്നേഹിക്കാനുള്ള ആത്മബലമാണ്. അനുദിനജീവിതത്തിൽ നമുക്ക് ബാധ്യതയായി വരുന്നവയെ സന്തോഷത്തോടെ സ്വീകരിക്കാനായാൽ സനാഥരുടെ പറുദീസയായി ഈ ഭൂമി മാറും. ഇവിടെ സ്വർഗ്ഗം സംജാതമാകുകയും ചെയ്യും.

ബാധ്യത ഏറ്റെടുക്കുവാൻ ലോകാതിർത്തിവരെ പോകേണ്ടതില്ല... സാമ്പത്തികമായി ബുദ്ധിമുട്ടിയും മാനുഷിക പരിഗണനയ്ക്കായി ദാഹിച്ചും ഹൃദയത്തിൽ വിശ്വാസം വറ്റിവരണ്ടും ജീവിക്കുന്ന ഒരുപാടു മനുഷ്യർ നമുക്കു ചുറ്റിലുമുണ്ട്. അവരെ കാണാൻ തമ്പുരാന്റെ മിഴികൾ ഒന്നു കടം വാങ്ങിയാൽ മതി...

**എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്**

**മത്താ 25,40**





# വിശുദ്ധിയുടെ ശത്രുക്കൾ

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**ആ**ദിമസഭയിൽ നിലനിന്നിരുന്ന രണ്ട് പാഷണ്ഡതകളെ അടിസ്ഥാനമാക്കിയാണ് ഇന്ന് ലോകത്തിൽ വിശുദ്ധിക്ക് എതിരായി നിലകൊള്ളുന്ന രണ്ട് ശത്രുക്കളെ രണ്ടാമത്തെ അദ്ധ്യായത്തിൽ ഫ്രാൻസിസ്പാപ്പാ അവതരിപ്പിക്കുന്നത്. ജ്ഞാനവാദവും (Gnosticism) പെലാജിയനിസവും (Pelagianism) ആദിമസഭയെ ഉപദ്രവിച്ചിരുന്ന രണ്ടു പാഷണ്ഡതകളാണ്. ഈ സഭാവിരുദ്ധ ദർശനങ്ങളുടെ നവീനരൂപങ്ങൾ ഇന്നും ലോകത്തിൽ നിലനിൽക്കുന്നുണ്ട്. ഈ പാഷണ്ഡതകളുടെ വഞ്ചനാത്മകമായ ദർശനങ്ങൾ ക്രൈസ്തവരെ അവർ അറിയാതെതന്നെ ഇന്ന് വശീകരിക്കുന്നുണ്ട്. സമകാലിക ജ്ഞാനവാദത്തോടും (Contemporary Gnosticism) സമകാലിക പെലാജിയനിസത്തോടും (Contemporary Pelagianism) അകൽച്ച പാലിച്ച്, ആ ദർശനങ്ങളുടെ കെണിയിൽപ്പെടാതെ വിശുദ്ധി പ്രാപിക്കണമെന്നാണ് പാപ്പാ ഓർമ്മിപ്പിക്കുന്നത്.

## സമകാലികജ്ഞാനവാദം

ജ്ഞാനവാദം എന്ന പ്രത്യയശാസ്ത്രം ഒരുവനെ തന്റെതന്നെ ചിന്തകളുടെയും വികാരങ്ങളുടെയും കേവലം ആത്മനിഷ്ഠമായ വിശ്വാസത്തിന്റെയും (Subjective faith) തടവറയിലാക്കുന്നു. ചില സിദ്ധാന്തങ്ങളുടെ സങ്കീർണ്ണതയെ ഗ്രഹിക്കുവാനുള്ള ഒരുവന്റെ കഴിവിന്റെ അടിസ്ഥാനത്തിലാണ് ഇക്കൂട്ടർ ഒരു വ്യക്തിയുടെ പൂർണ്ണത അളക്കുന്നത്. ഒരാളുടെ സ്നേഹത്തിന്റെ ആഴംകൊണ്ടാണ് അയാളുടെ പൂർണ്ണതയെ വിലയിരുത്തുന്നതെന്ന യാഥാർത്ഥ്യം ഇവർ വിസ്മരിക്കുന്നു.

ഉപരിപ്ലവപരമായ ഒരു അഭിമാനമാണ് ഈ പ്രത്യയശാസ്ത്രം സ്വീകരിച്ചവർക്കുള്ളത്. ബുദ്ധികൊണ്ട് എല്ലാം നേടാം എന്ന ഒരു ധാരണ വച്ചുപുലർത്തുന്ന ഇവർ വിശ്വാസത്തെയും സുവിശേഷത്തെയുമൊക്കെ ബുദ്ധികൊണ്ട് പൂർണ്ണമായും ഗ്രഹിക്കാൻ തക്കതാക്കാൻ കഴിയുമെന്ന് ചിന്തിക്കുന്നവരാണ്. കാര്യങ്ങൾ മനസ്സിലാക്കാൻ, വ്യാഖ്യാനിക്കാൻ യുക്തി ഉപയോഗിക്കുന്നത് അഭിലഷണീയവും നല്ലതുമാണെങ്കിലും സുവിശേഷത്തെ, ഈശോയെ യുക്തിയുടെ ചിന്തകൾക്കുള്ളിലാക്കാമെന്ന ധാരണ പുലർത്തുന്ന ഈ പ്രത്യയശാസ്ത്രക്കാർ തങ്ങളുടെ സ്വന്തം സിദ്ധാന്തങ്ങളെ സർവ്വപ്രധാനമായി കാണുന്നു.

തങ്ങൾക്ക് അറിവുള്ളതുകൊണ്ട്, ആ അറിവുകൊണ്ട് പല കാര്യങ്ങളും വ്യാഖ്യാനിക്കുവാനും അവതരിപ്പിക്കാനും അറിയാവുന്നതുകൊണ്ട് തങ്ങൾ വിശുദ്ധരാണെന്ന് ചിന്തിക്കുന്ന മനഃസ്ഥിതിയുള്ളവർ ഈ സമകാലിക ജ്ഞാനവാദത്തിന്റെ വക്താക്കൾതന്നെയാണ്. ഉന്നത വിദ്യാഭ്യാസം നേടിയതുകൊണ്ട് തങ്ങൾ മറ്റു വിശ്വാസികളെക്കാൾ അറിവുള്ളവരാണെന്ന്, അതുകൊണ്ട് ശ്രേഷ്ഠരാണെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവരും ഈ ഗണത്തിൽപ്പെടും.

സമകാലിക ജ്ഞാനവാദ സിദ്ധാന്തമനുസരിച്ച് അവർ മുൻഗണന നൽകുന്നത് "മിശിഹായില്ലാത്ത ഒരു ദൈവത്തിനും, തിരുസഭയില്ലാത്ത ഒരു മിശിഹായ്ക്കും, അവളുടെ ജനങ്ങളില്ലാത്ത ഒരു തിരുസ്സഭയ്ക്കു"മാണ്. കഴമ്പില്ലാത്ത ഒരു ഉപരിപ്ലവതയാണ് ഈ ദർശനം വിഭാവനം ചെയ്യുന്നത്. വഞ്ചനാത്മകമായ ഒരു സ്വാധീനം ഇതു മനുഷ്യരിൽ ചെലുത്തുന്നുണ്ട്.

ജ്ഞാനവാദത്തിന്റെ അപകടം കടന്നുവരാൻ സാധ്യതയുള്ളത് ദൈവശാസ്ത്ര തത്ത്വശാസ്ത്ര പരിശീലനകേന്ദ്രങ്ങളിലും അല്മായരിലുമാണെന്ന് പാപ്പാ മുന്നറിയിപ്പു നല്കുന്നുണ്ട്. സുവിശേഷത്തിന്റെയും വിശ്വാസത്തിന്റെയും പൂർണതയും സമഗ്രതയും സ്വന്തം ബുദ്ധികൊണ്ടും യുക്തികൊണ്ടും മാത്രം വ്യാഖ്യാനിക്കാൻ പരിശ്രമിക്കുമ്പോഴാണ് ഈ അപകടം പിടികൂടുന്നത്. തന്മൂലം, എല്ലാവരും ജാഗ്രതയും ശ്രദ്ധയുമുള്ളവരായിരിക്കുന്നതിനോടൊപ്പം വിനയത്തോടെ വചനത്തെ സമീപിക്കണം.

ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ള സഭയിലെ അംഗങ്ങൾ, 'തങ്ങൾ മറ്റു വിശ്വാസികളെക്കാൾ ശ്രേഷ്ഠരാണ്' എന്നു ചിന്തിക്കുന്നത് ഉചിതമല്ല. അവർ ജ്ഞാനവാദത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടിരിക്കുന്നവരാണ്. സുവിശേഷത്തിന്റെ പുതുമയിൽനിന്ന് വിശ്വാസികളെ അകറ്റിനിർത്തുന്ന ഒരു കൂട്ടം ബൗദ്ധിക വ്യായാമങ്ങളാക്കി ക്രൈസ്തവ അനുഭവത്തെ മാറ്റാനുള്ള പ്രവണത, പ്രലോഭനം ശരിയല്ല. യഥാർത്ഥ ക്രൈസ്തവജ്ഞാനത്തെ അയൽക്കാരനോടുള്ള കാരുണ്യത്തിൽനിന്ന് ഒരിക്കലും വേർപെടുത്താൻ കഴിയുകയില്ല. വലിയ ദൈവശാസ്ത്രപഠനങ്ങൾ ഏതൊരു വ്യക്തിയുടെയും പ്രാർത്ഥനാചൈതന്യത്തെയും ദൈവഭക്തിയെയും കെടുത്തുന്നതാവരുത്.

**സമകാലിക പെലാജിയനിസം**

നമ്മെ മെച്ചപ്പെടുത്തുന്നതും വിശുദ്ധീകരിക്കുന്നതുമെല്ലാം നാം നയിക്കുന്ന നമ്മുടെ ജീവിതരീതിയാണെന്നും, മനുഷ്യമനസ്സിന്റെ ശക്തികൊണ്ടു മാത്രം എല്ലാം നേടിയെടുക്കാൻ പറ്റുമെന്നും, ദൈവകൃപയുടെ യാതൊരു ആവശ്യവുമില്ല എന്നും പ്രഖ്യാപിക്കുന്ന ഒരു ദർശനമാണിത്. ദൈവത്തിന്റെ കൃപയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം എന്ന വസ്തുത ഇക്കൂട്ടർ വിസ്മരിക്കുന്നു. ചിലപ്പോഴെങ്കിലും ദൈവകൃപയെക്കുറിച്ച് ഇവർ ഊഷ്മളമായി സംസാരിക്കുമെങ്കിലും, ആത്യന്തികമായി സ്വന്തം ശക്തിയിൽ വിശ്വസിക്കുകയും, തങ്ങൾ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്നും സമകാലിക പെലാജിയൻസ് കരുതുന്നു. എല്ലാവർക്കും എല്ലാം ചെയ്യുവാൻ സാധിക്കുകയില്ലെന്ന യാഥാർത്ഥ്യം മനഃപൂർവ്വം വിസ്മരിച്ച്, കഴിവിനതീതമായതു ഗ്രഹിക്കാൻ ദൈവകൃപ വേണമെന്ന സത്യം അംഗീകരിക്കാതെ മുന്നോട്ടു ചരിക്കുന്നവരാണിവർ.

സ്വന്തം കഴിവുകളെക്കുറിച്ച് അമിതമായി ആത്മവിശ്വാസം പ്രകടിപ്പിക്കുകയും പരിമിതികളെക്കുറിച്ചുള്ള അറിവിന്റെ അഭാവം നിഴലിക്കുകയും ചെയ്യുന്നവർ സ്വയം അവരുടെ ജീവിതത്തിലെ കൃപയുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നവരാണ്. ദൈവതിരുമുമ്പിൽ വിനീതരായി നില്ക്കുമ്പോഴാണ് ഒരുവനിൽ കൃപ നിറയുന്നതും ദൈവം വസിക്കുന്നതും. കൃപ ഒരുവന്റെ സ്വഭാവത്തിന്മേലാണ് നിർമ്മിതമാകുന്നത്. അക്കാരണത്താൽ, ദൈവസന്നിധിയിൽ വിനീതഭാവമുള്ളവരും അവിടുത്തെ സ്നേഹം സ്വന്തം ജീവിതത്തിൽ അംഗീകരിക്കുന്നവരും അവിടുന്നുമായുള്ള ഐക്യത്തിൽ നടക്കുന്നവരുമാകണം.

മിശിഹായിലുള്ള വിശ്വാസത്തിലൂടെയാണ് ഒരാൾ നീതീകരിക്കപ്പെടുന്നതെന്ന് മാർപാപ്പ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നമ്മുടെ സ്വന്തം പ്രവൃത്തികളോ പരിശ്രമങ്ങളോ അല്ല, മറിച്ച് കർത്താവിന്റെ കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നത്. വിശ്വസിക്കുന്നവനിലാണ് കൃപ പ്രവർത്തിക്കുന്നത്. പ്രവൃത്തികളിലൂടെമാത്രമേ നീതീകരണം ലഭിക്കുകയുള്ളു എന്ന ചിന്തയും പെലാജിയൻ സിദ്ധാന്തത്തിന്റെ അപകടകരമായ ഭാവമാണ്. പൗലോസ്ശ്ലീഹാ ഇപ്രകാരം പഠിപ്പിക്കുന്നു: "അതു കൃപയാലാണെങ്കിൽ പ്രവൃത്തികളിൽ അധിഷ്ഠിതമല്ല. കൃപയാലല്ലെങ്കിൽ കൃപ ഒരിക്കലും കൃപയായിരിക്കുകയില്ല" (റോമാ 11,6).

സമകാലിക പെലാജിയനിസത്തിന്റെ ലോകത്തിൽ മനുഷ്യർക്കുണ്ടായിരിക്കേണ്ട ഭാവം വി. കൊച്ചുത്രേസ്യായുടേതാണ്. ദൈവകൃപയ്ക്കു മുമ്പിൽ വിനയത്തോടെ നില്ക്കുന്ന ഭാവം. തന്റെ സ്വന്തം പ്രവൃത്തികളിൽമാത്രം വിശ്വാസമർപ്പിക്കാതെ ദൈവത്തിന്റെ കൃപയുടെ ദാനത്തിനായി കാത്തിരിക്കുന്ന വിശുദ്ധയാണിവൾ. "ഈ ജീവിതസായാഹ്നത്തിൽ ഒഴിഞ്ഞ കരങ്ങളുമായി ഞാൻ അവിടുത്തെ മുമ്പിൽ പ്രത്യക്ഷപ്പെടും. എന്തെന്നാൽ, കർത്താവേ, എന്റെ പ്രവൃത്തികൾ എണ്ണാൻ ഞാൻ അവിടുത്തോട് അപേക്ഷിക്കുന്നില്ല. ഞങ്ങളുടെ നീതിക്കെല്ലാം അവിടുത്തെ ദൃഷ്ടിയിൽ കളങ്കങ്ങളുണ്ട്". കൃപയുടെ ദാനം മനുഷ്യബുദ്ധിയെയും മനസ്സിന്റെ ശക്തിയെയും അതിശയിക്കുന്നതാണ്.



സമകാലിക പെലാജിയനിസത്തിന്റെ ചിന്തകളെ പരാജയപ്പെടുത്തുവാൻ നാം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുകയും അവിടുത്തെ സ്വന്തമാകുകയും വേണം. നമ്മുടെ കഴിവുകളും പരിശ്രമങ്ങളുമെല്ലാം, നമ്മുടെ പ്രവർത്തനങ്ങളും സർഗ്ഗാത്മകതയുമെല്ലാം ദൈവത്തെ ഭരമേല്പിക്കണം. ദൈവത്തിന്റെ കരുണയും കൃപയും തേടുകയും ചെയ്യണം.

മറ്റൊരു തരത്തിലുള്ള പെലാജിയൻ ചിന്തയും ഇന്നത്തെ സമൂഹത്തിൽ നിലനില്ക്കുന്നുണ്ട്. സ്വന്തം നീതികൊണ്ട് സ്വയംനീതീകരണം സാധിക്കാമെന്ന് വാദിക്കുന്ന ഇവർ മനുഷ്യമനസ്സിനെയും സ്വന്തം കഴിവിനെയും അമിതമായി ആരാധിക്കുന്നവരാണ്. അപരനോട് കരുതലും സ്നേഹവുമില്ലാതെ പ്രമാണിവർഗ്ഗത്തിന്റെ സ്വയം സംതൃപ്തിയുടെ ലോകത്തിൽ ജീവിക്കുന്നവരാണ് ഇക്കൂട്ടർ. ഇവരുടെ ചില പ്രത്യേകതകൾ ഇനി പറയുന്നവയാണ്: നിയമത്തോട് കടുംപിടുത്തം നടത്തുന്ന മനോഭാവം, സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളോടുള്ള അടങ്ങാത്ത അഭിവാഞ്ഛ, സഭയുടെ പ്രബോധനം, ആരാധനക്രമം, പ്രശസ്തി എന്നിവയോട് അനുഷ്ഠാനപരമായ കർക്കശനിഷ്ഠയും അമിതതാല്പര്യവും, പ്രായോഗിക കാര്യങ്ങൾ ചെയ്യുവാനുള്ള കഴിവു സംബന്ധിച്ച അനുചിതമായ പൊങ്ങച്ചം, സ്വയംസഹായ പദ്ധതികളോടും, വ്യക്തിപരമായ നേട്ടത്തോടുമുള്ള അമിത ആഗ്രഹം.

തങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണമെന്ന ആഗ്രഹത്തിനുപരിയായി തങ്ങളുടെ സമയവും ഊർജ്ജവും ഇവർ ഈവക കാര്യങ്ങൾക്കായി നീക്കിവയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനു ചെവികൊടുക്കാതെ, ചില നിയമങ്ങൾക്കും ആചാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അമിതപ്രാധാന്യം നല്കുന്നത് അപകടകരമാണ്. കൃപയുടെ പ്രവർത്തനങ്ങൾക്ക് വാതിലുകൾ അവശേഷിപ്പിക്കാത്ത ഒരു രൂപരേഖ തയ്യാറാക്കാൻ ആരും ശ്രമിക്കരുതെന്നും പാപ്പ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധിയുടെ മുത്തുകൾക്ക്

# കാവലാൾ- 10

ജാൻസിറ്റീച്ചർ
കറുകപ്പറമ്പിൽ

അന്ന് അവധി ദിവസമായിരുന്നു. മനസ്സ് വല്ലാതെ അസ്വസ്ഥമാകുന്നതുപോലെ അവൾക്കു തോന്നിയതുകൊണ്ട് സ്റ്റീനാ ദൈവാലയത്തിലേക്കുപോയി. മാതാവിന്റെ രൂപത്തിനു താഴെ അവൾ മുട്ടുകുത്തി. എന്തു പ്രാർത്ഥിക്കണമെന്ന് മറന്നുപോയതുപോലെ. മനസ്സിന്റെ മരവിപ്പ് ശരീരത്തിലേക്കും പടർന്നിരിക്കുന്നു. എഴുന്നേറ്റ് ജനൽകർട്ടനുകൾ മാറ്റി നോക്കിയപ്പോൾ അവിടെ കുറച്ചു പൊടി കണ്ടു. എങ്കിൽപിന്നെ ചാപ്പലിലെ പൊടി തൂത്തുകളഞ്ഞേക്കാം എന്നവൾ വിചാരിച്ചു. ടർക്കികൊണ്ടുവന്ന് അതു നനച്ച് അവൾ പൊടി തുടച്ചു വൃത്തിയാക്കാൻ തുടങ്ങി. മാതാവിന്റെ രൂപത്തിനുമുന്നിൽ വച്ചിരുന്ന പൂപ്പാത്രം എടുത്തപ്പോൾ അവളുടെ കയ്യിൽ എന്തോ കുത്തിയതുപോലെ അവൾക്കു തോന്നി. പക്ഷേ എന്താണതെന്ന് അവൾക്കു മനസ്സിലായില്ല. വൃത്തിയാക്കൽ കഴിഞ്ഞു നോക്കിയപ്പോൾ കൈപ്പത്തിയുടെ മുകളിൽ നീരുവച്ചിരിക്കുന്നത് അവൾ ഗൊരേത്തിയമ്മയുടെ അടുത്തുചെന്നു കാണിച്ചു. "വല്ല കുളവിയോ തീക്കാലിയോ മറ്റോ ആയിരിക്കും, നീയാ മുടിയിൽ രണ്ടെണ്ണം പറിച്ചെടുത്തു തന്നേ. ഗൊരേത്തിയമ്മ അവളുടെ മുടിയിഴ കൊണ്ട് ചെറിയ മുറിവുപോലെ കണ്ട ഭാഗത്ത് ഉരസി. "എന്തിനാമ്മേ ഇങ്ങനെ ചെയ്യുന്നേ?" "ആ മുറിവിനുള്ളിൽ നമ്മളെ കുത്തിയ ജീവിയുടെ മുള്ള് ഉണ്ടെങ്കിൽ പോകാനാ. ഇനി ഇത്തിരി മഞ്ഞളും ഉപ്പും തിരുമ്മി അവിടെ വയ്ക്ക്. എന്നിട്ട് കുറച്ചു നേരം പോയിക്കിടക്ക്".

കട്ടിലിൽ കിടന്നപ്പോൾ അറിയാതെ അവൾ മയക്കത്തിലേക്ക് പോയി. ആ മയക്കത്തിൽ അവൾ കണ്ടു. മുൾമുടി തലയിലേറ്റിയ കർത്താവിന്റെ രൂപത്തെ കെട്ടിപ്പിടിച്ചു കരയുന്ന വല്യമ്മച്ചിയെ. സാവധാനം കർത്താവ് വല്യമ്മച്ചിയെ മുകളിലേക്ക് ഉയർത്തി. പിന്നീട് ഒരു വലിയ പ്രകാശം വല്യമ്മച്ചിയെ മറച്ചു. പെട്ടെന്നവൾ ഞെട്ടിയുണർന്നു. "സ്റ്റീനാ, ഒരു വിസിറ്ററുണ്ട്..."

"വിസിറ്ററോ? എനിക്കോ..."

"നിന്നെക്കാണണമെന്നു പറഞ്ഞ് ഗൊരേത്തിയമ്മയുടെ അടുത്തിരുന്നു കരയുന്നു".

വേഗത്തിൽ നട ഓടിക്കയറി അവൾ എത്തിയപ്പോൾ കുഞ്ഞാന്റി!

"ഹായ് കുഞ്ഞാന്റി... വല്യമ്മച്ചി എന്തിയേ?"

"വല്യമ്മച്ചി ആശുപത്രിയിലാ...മോളേ കാണണമെന്ന്..."

"ആശുപത്രിയിൽ എപ്പോഴാ കൊണ്ടുപോയേ?"

"രണ്ടു ദിവസമായി..."

"സ്റ്റീനാ ഒന്നുരണ്ടുജോഡി ഡ്രസ്സെടുത്ത് ആശുപത്രിയിൽ പോയി അമ്മച്ചിയെ കണ്ടിട്ടു വാ..." ഗൊരേത്തിയമ്മ അതും പറഞ്ഞ് കുഞ്ഞാന്റിയുടെ കയ്യിൽ രണ്ടായിരം രൂപയും കൊടുത്തു. "എന്താവശ്യമുണ്ടായാലും പറയണം. ഞാൻ കട്ടപ്പനയിലെ മഠത്തിലുള്ള സിസ്റ്റർ ആഗ്നസിന്റെ നമ്പർ തരാം. ആശുപത്രിയുടെ അടുത്താ മഠം. ഞാൻ പറഞ്ഞിട്ടാണെന്ന് പറഞ്ഞാൽ മതി. സിസ്റ്റർ വേണ്ടതെല്ലാം ചെയ്തു തരും". യാത്രയിൽ മുഴുവൻ സ്റ്റീനാ കൊന്ത ചൊല്ലുകയായിരുന്നു. ഇടയ്ക്ക് കുഞ്ഞാന്റി ചോദിച്ചു: "മോള് ദേഹത്തു വല്ല മുല്ലപ്പൂവിന്റേയും സെന്റ് പൂശിയിട്ടുണ്ടോ...?"

"ഇല്ല. എന്താ കുഞ്ഞാന്റി അങ്ങനെ ചോദിച്ചേ?"

"കൊന്ത ചൊല്ലുമ്പം നല്ല മുല്ലപ്പൂവിന്റെ മണം വരുന്നതുപോലെ..."

"ആ.. ഈ കൊന്തയ്ക്ക് സുഗന്ധാഭിഷേകം തന്നതാ മാതാവ്..."

"എങ്കിൽ കുഞ്ഞാന്റിക്ക് അതു തരാമോ?"

"ഇന്നാ എടുത്തോ..."

സ്റ്റീനാ തന്റെ ഉണ്ണിക്കൊന്ത കുഞ്ഞാന്റിക്ക് കൊടുത്തിട്ട് കഴുത്തിൽ കിടന്ന കൊന്തയൂരി പ്രാർത്ഥന തുടർന്നു. യാത്രയിലുടനീളം സംരക്ഷണം നല്കി പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യം അവൾക്ക് അനുഭവപ്പെട്ടിരുന്നു. അവർ ആശുപത്രിയിൽ എത്തിയപ്പോൾ ഒരുവശം തളർന്ന് സംസാരശേഷിയില്ലാതെ കിടക്കുന്ന വല്യമ്മച്ചിയുടെ കണ്ണിൽനിന്നും രണ്ടു തുള്ളി കണ്ണീർ താഴേയ്ക്ക് ഒഴുകി. "വല്യമ്മച്ചി മോളോടൊന്നു മിണ്ടിക്കേ. ദേ അമ്മച്ചിയുടെ പൊന്നാരമോളല്ലേ വിളിക്കുന്നത്". അവൾ ആ ശരീരത്തോട് ചേർന്നുകിടന്നു. തനിക്കുവേണ്ടി ഏറെ വേദനകൾ സഹിച്ച തന്റെ വല്യമ്മച്ചി ആ ശരീരത്തിന്റെ ചൂടുപറ്റി വളർന്ന തനിക്ക് ഇനി...

രാത്രി ഏഴു മണിയോടെ വല്യമ്മച്ചിക്ക് ശക്തമായ ഒരു എക്കിൾ...

കുഞ്ഞാന്റി ഡോക്ടറുടെ അടുത്തേക്ക് ഓടിയപ്പോൾ സ്റ്റീനാ വല്യമ്മച്ചിയുടെ അരികിലിരുന്ന് ഈശോ മറിയം യൗസേപ്പേ, എന്റെ ആത്മാവിനു കൂട്ടായിരിക്കണമേ എന്ന പ്രാർത്ഥന ചൊല്ലിക്കൊടുത്തുകൊണ്ടിരുന്നു. അവൾ തന്റെ വെഞ്ചിരിച്ച കൊന്തകൊണ്ട് വല്യമ്മച്ചിയുടെ ശരീരത്തിന്റെ ഓരോ ഭാഗത്തും കുരിശുവരച്ച്, ഒരു വൈദികൻ രോഗീലേപനം കൊടുക്കുന്ന ക്രമത്തിൽ ചൊല്ലുന്നതുപോലെ, പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരുന്നു. കുഞ്ഞാന്റി ഡോക്ടറുമായി വരുമ്പോൾ അമ്മച്ചിയുടെ ആത്മാവ് ദൈവപ്രകാശത്തിലേക്ക് കടന്നുപോയിരുന്നു. കുഞ്ഞാന്റി കരഞ്ഞപ്പോൾ സ്റ്റീനാ പറഞ്ഞു. "കുഞ്ഞാന്റി കരയരുത്, ആത്മാവ് സ്വസ്ഥമായി ഈശോയുടെ കൈകളിലേക്ക് ചേരട്ടെ. നമ്മുടെ അമ്മച്ചി ഭാഗ്യപ്പെട്ടവൾ അല്ലേ? എത്രയും നേരത്തെ ഈശോയുടെ കൈകളിൽ എത്തുന്നതല്ലേ നല്ലത്?"

ആർഭാടങ്ങളോ ആൾത്തിരക്കോ ഇല്ലാത്ത ആ ശവമടക്ക് കഴിഞ്ഞപ്പോൾ സ്റ്റീനാ കുഞ്ഞാന്റിയോടു പറഞ്ഞു:

"കുഞ്ഞാന്റീ ഞാൻ നാളെ തിരിച്ചു പൊയ്ക്കോട്ടെ..."

"മോളേ, ഇനി കുഞ്ഞാന്റിക്ക് ഇവിടെ ആരും ഇല്ലല്ലോ..."

"ഞാൻ ഗൊരേത്തിയമ്മയോട് ചോദിക്കട്ടെ കുഞ്ഞാന്റിക്ക് അവിടെ മഠത്തിൽ ഒരു ജോലി തരാമോ എന്ന്"

"അതു നല്ല കാര്യം...എനിക്കെന്റെ കൊച്ചിനെ കാണുകയും ചെയ്യാമല്ലോ. ആ രാത്രിയിൽ അവർക്കു രണ്ടു പേർക്കും ഉറങ്ങാൻ കഴിഞ്ഞില്ല. അമ്മച്ചിയുടെ കുഴിമാടത്തിൽ പ്രാർത്ഥിച്ച്, കയ്യിലെടുക്കാവുന്ന അത്യാവശ്യ കാര്യങ്ങൾ എടുത്ത്, ആ വാടകവീട് ഒഴിഞ്ഞ് അവർ ബസ് കയറി.

(തുടരും)


# മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം

ഫാ. ജോബി ജോസ് വയലിൽ
കല്യാൺ രൂപത

**ഏ**തൊരു മനുഷ്യനെയും ഒന്ന് ഇരുത്തി ചിന്തിപ്പിക്കുവാൻ, ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി ചില മാറ്റങ്ങൾ വരുത്തുവാൻ, ചില വഴിത്തിരിവുകളെടുക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള ഒരു പ്രഭാഷണമാണ് സ്നാപകയോഹന്നാൻ നടത്തുന്നത്. ഈശോയ്ക്കു വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാൻ വിളിച്ചുപറയുകയാണ്, "മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ" (ലൂക്കാ 3,8) എന്ന്. എന്താണ് മാനസാന്തരം എന്നറിയാത്തവന് അതിനു യോജിച്ച ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ലല്ലോ. നാം എവിടെയായിരിക്കുന്നുവോ അവിടെനിന്നും, നാം എവിടെ ആയിരിക്കേണമോ, അവിടേക്കുള്ള യാത്രയാണ് മാനസാന്തരം. നാം ആയിരിക്കുന്നത് ഈ ലോകത്തിലാണ് – തിന്മകളും അശുദ്ധിയും അക്രമങ്ങളും സ്വാർത്ഥതയും നിറഞ്ഞ ഒരു ലോകത്തിൽ. എന്നാൽ നാം ആയിരിക്കേണ്ടത്, നമ്മുടെ ലക്ഷ്യമെന്നത് സ്വർഗമാണ്; ദൈവവുമായി ഒന്നായിരിക്കുന്ന അവസ്ഥയാണ്. മാനസാന്തരത്തിന്റെ ആദ്യപടി നാം എവിടെയാണെന്നു തിരിച്ചറിയണം എന്നുള്ളതാണ്. ഒരു പക്ഷി താൻ കെണിയിലാണ് എന്ന തിരിച്ചറിവുണ്ടാകുന്നതുവരെ ആ കെണിയിലുള്ള തീറ്റകളൊക്കെ തിന്ന് ഇടുങ്ങിയ ആ കെണിയിൽത്തന്നെ കഴിയുന്നു. പലപ്പോഴും അതുപോലെയാണ് നമ്മുടെ ജീവിതവും. നാം പാപത്തിന്റെ കെണിയിലാണെന്നത് നാം തിരിച്ചറിയണം. ഈ തിരിച്ചറിവുണ്ടാകുന്നതുവരെ, കെണിയിലെ കിളിയെപ്പോലെ, പാപത്തിന്റെ സുഖം അനുഭവിച്ച് അതിൽനിന്നും മോചനം നേടാൻ നാം ആഗ്രഹിച്ചെന്നു വരില്ല. പാപത്തിന്റെ ബന്ധനങ്ങൾ നമ്മിലുണ്ടെങ്കിൽ അതൊക്കെ പൊട്ടിച്ചെറിഞ്ഞ് വിശുദ്ധിയിലേക്ക് നമുക്ക് നടന്നടുക്കാം. സ്വർഗരാജ്യത്തിൽ എത്തിച്ചേരാൻ ഉതകുന്ന ഒരു ജീവിതശൈലി തിരഞ്ഞെടുത്ത് നമുക്ക് മുന്നോട്ടു പോകാം. അപ്പോൾ നമ്മിൽ മാനസാന്തരം പൂർണമാകും.

സ്നാപകൻ തുടർന്നു പറയുന്നു: "നല്ല ഫലം നല്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും" (ലൂക്കാ 3,8). ഈ വചനം അക്ഷരാർത്ഥത്തിൽ നമ്മിൽ പ്രാവർത്തികമായാൽ നമുക്കാർക്കും ഈ ലോകത്തിൽ ജീവിക്കാൻ അർഹതയുണ്ടാവില്ല. പക്ഷേ, സങ്കടപ്പെടേണ്ട. അത്തിവൃക്ഷത്തിന്റെ ഉപമ നമുക്ക് ഓർമ്മയുണ്ടല്ലോ. തോട്ടക്കാരൻ പറയുകയാണ്, "ഒരു വർഷം കൂടി അതു നില്ക്കട്ടെ, ഞാൻ അതിന്റെ ചുവടുകിളച്ച് വളമിടാം'. ഫലം പുറപ്പെടുവിക്കാൻ തന്റെ കാരുണ്യത്താൽ നമുക്ക് കർത്താവ് വീണ്ടും സമയം തന്നിരിക്കുകയാണ്. ഒരുപക്ഷേ, വിവാഹമെന്ന കൂദാശയിലൂടെ കുടുംബജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ ലഭിക്കുന്ന മക്കൾ നൂറു ശതമാനം ഫലം പുറപ്പെടുവിക്കുന്നവരാകണമെന്നില്ല. ബുദ്ധിപരമായി പിന്നോക്കം നില്ക്കുന്നവരോ മാനസികവെല്ലുവിളികൾ നേരിടുന്നവരോ ഒക്കെ ജനിച്ചാൽ അവരോടുള്ള നിലപാട് എപ്രകാരമാണ്? ഞാൻ മുമ്പ് അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ഇടവകയിൽ അപ്പനും അമ്മയും മകളും അടങ്ങുന്ന ഒരു കുടുംബമുണ്ടായിരുന്നു. രണ്ടാമതു ഗർഭം ധരിച്ച ആ അമ്മ ആശുപത്രിയിൽ ചെന്നപ്പോൾ പരിശോധനയ്ക്കുശേഷം ഡോക്ടർ പറഞ്ഞു: "നിങ്ങളുടെ വയറ്റിൽ വളരുന്ന കുട്ടിയുടെ അവയവങ്ങൾക്ക് ഒരു വളർച്ചയുമില്ല. ജനിച്ചാലും ഉടനെ കുട്ടി മരിക്കും. അതുകൊണ്ട് അബോർഷൻ നടത്തുന്നതാണ് നല്ലത്". എന്നാൽ ആ അപ്പനും അമ്മയും ഈശോയിലുള്ള വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട്, സഭയുടെ നിയമമനുസരിച്ച് ആ കുട്ടിയെ വളരുവാൻ അനുവദിച്ചു. പ്രസവിച്ചയുടനെ കുഞ്ഞ് മരിച്ചു. എന്നാൽ ജീവൻ ദൈവ





ദാനമാണെന്നു മനസ്സിലാക്കി, അത് ഫലം പുറപ്പെടുവിക്കുന്നതായാലും അല്ലെങ്കിലും, അതിനെ സംരക്ഷിക്കുവാൻ തീരുമാനിച്ച ആ അപ്പന്റെയും അമ്മയുടെയും ജീവിതം നമുക്ക് മാതൃകയാവണം. ഒരു വർഷം 1,50,000 കുഞ്ഞുങ്ങൾ ഗർഭഛിദ്രത്തിനു വിധേയപ്പെടുന്നു എന്ന് ലോകകണക്കുകൾ പറയുന്നു. ഇതിൽ മഹാഭൂരിപക്ഷവും മനുഷ്യന്റെ സ്വാർത്ഥതയുടെ സംരക്ഷണത്തിനു വേണ്ടിയുള്ളതാണ്.

പുതിയ തലമുറയിലെ പലരുടെയും കാഴ്ചപ്പാടിൽ ഫലം പുറപ്പെടുവിക്കാത്ത മറ്റൊരു ഗണമാണ് വയോധികർ. ആകാവുന്ന കാലമത്രയും അരമുറുക്കി നമുക്കുവേണ്ടി കഷ്ടപ്പെട്ടവരാണ് ഇപ്പോൾ വാർദ്ധക്യത്തിലെത്തിയിരിക്കുന്നത്. അവരോടുള്ള നമ്മുടെ സമീപനം എപ്രകാരമാണ്? അവരെ എപ്രകാരം നാം ശുശ്രൂഷിക്കുന്നു? നമ്മുടെ സമൂഹത്തിൽ വൃദ്ധസദനങ്ങൾ വർദ്ധിച്ചുവരുന്നു. കാരണം മക്കൾക്ക് മാതാപിതാക്കളെ നോക്കാൻ സമയമില്ല. നമുക്ക് നമ്മോടുതന്നെ ചോദിക്കാം – 'നിനക്കുവേണ്ടി ഒരു മെഴുകുതിരിപോലെ കത്തിത്തീർന്ന നിന്റെ അപ്പനെയും അമ്മയെയും നോക്കാൻ എന്തേ നിനക്കു സമയമില്ല?' ദയാവധത്തെ നിയമം അംഗീകരിച്ചപ്പോൾ മനസ്സിൽ വേദനയുണ്ടായി. രോഗികളെയും പ്രായം ചെന്നവരെയും കൊന്നുകളയുവാൻ നിയമം അനുവദിക്കുന്നു. ഗർഭഛിദ്രം വ്യാപകമായതുപോലെ ദയാവധവും വ്യാപകമാകും എന്ന കാര്യത്തിൽ സംശയം വേണ്ട. ഒരുകാര്യം നാമോർക്കണം – ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് നശിപ്പിക്കുവാൻ സൃഷ്ടികളായ മനുഷ്യർക്ക് അവകാശമില്ല; അത് ഫലം പുറപ്പെടുവിച്ചാലും ഇല്ലെങ്കിലും. മനുഷ്യദൃഷ്ടിയിൽ ഫലം പുറപ്പെടുവിക്കാത്ത ജീവിതങ്ങൾക്കും ജീവിക്കാനുള്ള അവകാശമുണ്ട് എന്ന് നമുക്ക് ഉറക്കെ പ്രഖ്യാപിക്കാം. ദൈവദാനമായ ജീവനെ സംരക്ഷിക്കുവാൻ നമുക്ക് കൈകൾ കോർക്കാം.




# ആബേൽ

**ഷിജി പറപ്പള്ളിയാത്ത്**

ആദ്യ മാതാപിതാക്കളുടെ രണ്ടാമത്തെ സന്താനം. അവൻ ശാന്തനും നിഷ്കളങ്കനും ഉദാരമനസ്കനും ദൈവസ്നേഹിയുമായിരുന്നു. ആടുവളർത്തലായിരുന്നു അവന്റെ തൊഴിൽ. ദൈവത്തിന് തന്റെ അദ്ധ്വാനഫലത്തിന്റെ ശ്രേഷ്ഠമായ ഭാഗം ആബേൽ ബലിയർപ്പിച്ചിരുന്നു. ദൈവത്തോടുള്ള സ്നേഹവും വിശ്വാസവും കൃതജ്ഞതയുമാണ് ഈ ബലികൾ സൂചിപ്പിക്കുക. അതിനാൽ അവൻ കൂടുതൽ ദൈവാനുഗ്രഹമുള്ളവനും സമ്പന്നനുമായിരുന്നു. എല്ലാവരും അവനെ ഇഷ്ടപ്പെടുകയും ചെയ്തു. സമ്പത്തിലും സൗഹൃദത്തിലും തന്നെക്കാൾ മുമ്പിലായ അനുജനെ സഹോദരൻ മാനിക്കുന്നു. ആശ്രയവും സംരക്ഷണവും നൽകി ചേർത്തു നിർത്തേണ്ട സഹോദരൻ അവന്റെ ജീവനിൽ കൈവച്ചു. സോദരക്രൂരതയുടെ മുമ്പിൽ ഒരു സുപ്രഭാതത്തിൽ ജീവിതം അവസാനിപ്പിക്കേണ്ടിവന്നു ആബേലിന്. ആബേൽ എന്ന വാക്കിന് നിശ്വസനം എന്ന സൂചനയുണ്ട്. അതുപോലെ, പിൻഗാമികൾക്ക് ജന്മം നൽകാതെ ആബേൽ കടന്നുപോയി.

ഇന്നത്തെ കാലഘട്ടത്തിൽ ആബേൽ ഒരു 'ബെൽ' ആണ്. നിഷ്കളങ്കതയുടെ മണിനാദം. വിലമതിക്കാനാവാത്ത നന്മയുടെ മൂല്യങ്ങൾ നൽകി കടന്നുപോകാനുള്ള warning bell. സ്വന്തം കഴിവുകൾ എത്ര ചെറുതാണെങ്കിലും പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കുന്നവർക്ക് പ്രതിഫലമുണ്ടെന്ന് ആബേൽ പറഞ്ഞുതരുന്നു. ബലിയുടെ ശ്രേഷ്ഠത ബലിവസ്തുവിനെയല്ല, ബലിയർപ്പകന്റെ മനോഭാവത്തെയാണ് ആശ്രയിച്ചിരിക്കുന്നത് എന്ന സന്ദേശം ആബേലിന്റെ ജീവിതത്തിലൂടെ നാം കാണേണ്ടതാണ്. നിഷ്കളങ്കനായ അവൻ ലോകചരിത്രത്തിലെ ആദ്യരക്തസാക്ഷിയായി (മത്താ 23,35).

ഭൂമിയിൽ ഒരു വംശവും ആബേലിന്റെ പേരിൽ അറിയപ്പെടുന്നില്ലെങ്കിലും അവന്റെ വിശ്വാസവും അർപ്പണവും ഇന്നും സ്മരിക്കപ്പെടുന്നു. ദുർബല വിശ്വാസത്തിന് അനുഗ്രഹത്തിന്റെ ചാലകമായിത്തീരാൻ സാധിക്കില്ല. ഇന്നും കായേന്റെ സ്വഭാവത്തിന്റെ ആധിപത്യങ്ങളാണ് അനുദിനവും നാം ചുറ്റുപാടും കാണുന്നത്.

ക്ഷണിക സുഃഖസന്തോഷത്തിനും താല്പര്യങ്ങൾക്കുംവേണ്ടി അപരന്റെ നെഞ്ചു പിളർക്കാൻ മടികാണിക്കാത്തവർ, അവരുടെ കരങ്ങൾ അപരന്റെ കണ്ണീരൊപ്പാൻ ഉയർത്തിയിരുന്നെങ്കിൽ നന്നായിരുന്നു...




**ആബേലിൽ നിന്ന് പഠിക്കാൻ:**

- നിഷ്കളങ്കമായ അർപ്പണം ദൈവാനുഗ്രഹത്തിന്റെ വഴി തുറക്കും.
- ദൈവത്തോടൊപ്പം അധ്വാനിക്കുക, ശ്രേഷ്ഠമായത് ദൈവത്തിന് അർപ്പിക്കുക
- നല്ലൊരു അർപ്പിതയ്ക്ക്/അർപ്പകന് മാതൃകയാണ് ആബേൽ.



# കുമ്പസാരത്തിന്റെ കാണാപ്പുറങ്ങൾ

**റവ. ഡോ. ജേക്കബ് കോയിപ്പള്ളി**
**ചങ്ങനാശ്ശേരി അതിരൂപത**



ഏതൊരു മനുഷ്യന്റെയും ജീവിതത്തിൽ ആരുമറിയാത്ത, മനസ്സിലാക്കാനാവാത്ത, ചില ഭൂതകാലസംഭവങ്ങളുണ്ടാകാം. അവ ആരോടും തന്നെ വെളിപ്പെടുത്തുവാൻ അവൻ ആഗ്രഹിക്കാറില്ല. ഭാര്യയിൽ നിന്നും ഭർത്താവിൽ നിന്നും മക്കളിൽ നിന്നും മാതാപിതാക്കൾ, ബന്ധുക്കൾ, സ്നേഹിതർ ഇവരിൽനിന്നുമൊക്കെ നാം മറച്ചുവച്ചിരിക്കുന്ന പല കാര്യങ്ങളും നമ്മുടെ ഉൾഭയത്തിന്റെ സൂചനകളാണ്. എന്താണ് ഈ ഉൾഭയം? നമ്മുടെ തെറ്റുകളുടെയോ അബദ്ധങ്ങളുടെയോ വെളിപ്പെടുത്തൽ ബന്ധങ്ങൾ തകരാറിലാക്കും എന്ന ഭയമാണ് ഒരാളുടെ ഭൂതകാലകാര്യങ്ങൾ കഴിവതും പ്രത്യേകിച്ച് ജീവിതപങ്കാളിയോടുള്ള ബന്ധത്തിൽ വളരെ അത്യാവശ്യം അറിയേണ്ടതൊഴിച്ചാൽ വെളിപ്പെടുത്താതിരിക്കുകയാണ് ഉചിതം എന്ന് മനഃശാസ്ത്രവും അഭിപ്രായപ്പെടുന്നുണ്ട്. ഇവിടെയാണ് കുമ്പസാരമെന്ന കൂദാശയുടെ പ്രായോഗികതയും അത് വിശ്വാസിക്കെത്ര മാത്രം അനുഗ്രഹപ്രദമാകുന്നു എന്നതും നാം തിരിച്ചറിയേണ്ടത്.

എന്തുകൊണ്ടാണ് മനുഷ്യൻ കുമ്പസാരത്തിൽ തന്റെ ഭൂതകാലത്തെയോ വർത്തമാനകാലത്തെയോ മടികൂടാതെ തുറന്നുവയ്ക്കുന്നത്? കുമ്പസാരത്തിലെ കൗദാശികത മായ്ച്ചുകളയുന്നത് "ഭയത്തെ"യാണ്. തിന്മ മനുഷ്യന് വരുത്തിവയ്ക്കുന്ന ഒരാവരണമാണ് ഭയം. ഭയക്കുമ്പോൾ ഓടിയൊളിക്കുകയാണ് മനുഷ്യന്റെ പ്രകൃതം. ഉല്പത്തിപ്പുസ്തകത്തിന്റെ താളുകളിൽ ഭയത്തിന്റെ ജനനവും ഭയം ജനിപ്പിക്കുന്ന ഓടിയൊളിക്കലും ആദത്തിന്റെയും ഹവ്വായുടെയും ജീവിതങ്ങളെ എപ്രകാരം സ്വാധീനിച്ചുവെന്ന് നാം കാണുന്നുണ്ട്. ദൈവപുത്രനായ മിശിഹാ

യുടെ മുമ്പിൽ തന്റെ പ്രകൃതം തുറക്കുമ്പോൾ നമുക്കു ചേരാത്തത് അവൻ തുടച്ചുനീക്കുകയും നമുക്കു ചേരാത്തവ നമ്മിൽ വരുത്തിയ രൂപാന്തരങ്ങൾ അപ്രത്യക്ഷമാകുകയും ജീവിതം നവീകരിക്കുവാനുള്ള കൃപാവരാവസ്ഥയിലേക്ക് മനുഷ്യൻ എത്തിച്ചേരുകയും ചെയ്യുന്നു. വളരെ അർത്ഥപൂർണവും മനോഹരവുമായ ഒരു നവീകൃത തുടക്കം ആരാണ് ആഗ്രഹിക്കാത്തത്?

കുമ്പസാരം അറിയപ്പെടുക സുഖപ്പെടുത്തലിന്റെ, അനുരഞ്ജനത്തിന്റെ, മാനസാന്തരത്തിന്റെ, ഏറ്റുപറച്ചിലിന്റെ കൂദാശയായാണ്. ആദ്ധ്യാത്മികമായ ദൗർബല്യത്തിൽനിന്നും മോചിതനാകുന്ന വ്യക്തി ഉന്മേഷവാനായി മാറുന്നു. നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തി രക്ഷിക്കാൻവന്ന ദൈവപുത്രന്റെ ചുവടുകൾ സഭ തുടരുകയാണ് കുമ്പസാരത്തിലൂടെ. മാമ്മോദീസാ നമ്മെ വരപ്രസാദത്തിന് ഉടമകളാക്കുന്നുവെങ്കിലും, തിന്മയിലേക്ക് ആകർഷണമുള്ള മനുഷ്യൻ തന്റെ തിരഞ്ഞെടുപ്പുകളിൽ അപക്വമായി പെരുമാറുന്നതുമൂലം പ്രസാദവരാവസ്ഥയിൽ കളങ്കം ചാർത്തുന്നു. പ്രസ്തുത അവസ്ഥയിൽ ഔഷധമായി എത്തുക മാനസാന്തരത്തിന്റെ ഈ കൂദാശയാണ്.

സൃഷ്ടിയുടെ നൈർമ്മല്യത്തിലേക്ക് മനുഷ്യനെ എത്തിക്കുന്ന ഇടമാണ് വി. കുമ്പസാരം. ഇടങ്ങൾ മനുഷ്യന് അനിവാര്യമാണ്. അമ്മയുടെ മടിത്തട്ട് കുഞ്ഞിന് ഇടമാണ്. ജീവിതപങ്കാളികൾ പരസ്പരം ഇടങ്ങളാകേണ്ടവരാണ്. തന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ ദൈവം മനുഷ്യന് ഒരുക്കിയിരിക്കുന്ന ഈ ഇടത്തിൽ അവന് അവന്റെ ഭാരങ്ങളും പാപങ്ങളും ഇറക്കിവയ്ക്കുവാനും ദൈവസ്നേഹത്തിന്റെ കരുതലിൽ നിമഗ്നനാകാനും കഴിയുന്നു.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................
ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിലെ പള്ളിക്കൂദാശാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. സഭയുടെ അന്ത്യാത്മക സ്വഭാവത്തെപ്പറ്റി ചിന്തിക്കാനും ധ്യാനിക്കാനും, അതിൽനിന്നു പ്രചോദനമുൾക്കൊണ്ടു ജീവിക്കാനും സഭാംഗങ്ങൾക്ക് സാധിക്കേണ്ട കാലഘട്ടമാണ് പള്ളിക്കൂദാശക്കാലം. 'കൂദാശ' എന്നത് വിശുദ്ധീകരണത്തെയും സമർപ്പണത്തെയും സൂചിപ്പിക്കുന്നതാണല്ലോ. കർത്താവ് തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ "അങ്ങ് സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ" എന്നു പ്രാർത്ഥിച്ചു (യോഹ 17,17). അപ്രകാരം പരിശുദ്ധനായ ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവരുടെ, സമർപ്പിതരായവരുടെ സമൂഹമാണ് സഭ. ഈ സമർപ്പണവും വിശുദ്ധിയും അതിന്റെ പൂർണതയിൽ എത്തിനില്ക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന പ്രാർത്ഥനയാണ്, "സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭ" എന്ന് സഭയെ വിശേഷിപ്പിക്കുന്ന, മദ്ബഹാവിരി തുറക്കുന്ന സമയത്തെ പ്രാർത്ഥന. അപ്രകാരം നന്മകൾ നിറഞ്ഞുനില്ക്കുന്ന ഒരു സമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ നമ്മുടെ അജപാലനശുശ്രൂഷ ഉപകരിക്കണം. ആ രീതിയിൽ അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഈ കാലഘട്ടം നമുക്കു പ്രചോദനമരുളട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ഇന്ത്യയിലെ അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനം സെപ്റ്റംബർ 24-25 തീയതികളിൽ, കോട്ടയം സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ചു നടന്നു. വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയെക്കുറിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന ശ്ലൈഹിക ഉപദേശമാണ് ഇപ്രാവശ്യം പഠനത്തിനും ധ്യാനത്തിനും വിഷയമാക്കിയത്. ഈ ഉപദേശത്തിലെ അഞ്ച് അദ്ധ്യായങ്ങൾ റവ. ഡോ. ജോസഫ് ചാലാശ്ശേരി, റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, റവ. ഡോ. ഡൊമിനിക് വെച്ചൂർ, റവ. ഡോ. ജോസി പുതിയാപറമ്പിൽ, റവ. ഡോ. തോമസ് വടക്കേൽ എന്നിവർ യഥാക്രമം അവതരിപ്പിച്ചു. ഈ ഉപദേശവും സെനക്കിൾ ആദ്ധ്യാത്മികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചനും സംസാരിച്ചു. സെനക്കിൾ അംഗങ്ങളും അല്ലാത്തവരുമുൾപ്പെടെ ഇരുപത്തഞ്ചോളം വൈദികർ ഈ സമ്മേളനത്തിൽ പങ്കെടുത്തു. സെനക്കിൾ വൈദികർ തങ്ങളുടെ പ്രതിജ്ഞകൾ നവീകരിക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# പ്രാർത്ഥന: കായേനിൽ നിന്ന് ആബേലിലേക്ക്

**ഫാ. ആൽബിൽ പാറയിൽ O. Carm.**

**ഭാ**വിയെന്തെന്നറിയാനെത്തിയതായിരുന്നു അയാൾ. തുടർന്നുള്ള ആറുമാസം കഠിന യാതനകളുടേതെന്ന് കൈനോട്ടക്കാരൻ. തെല്ലൊരാശ്വാസനെടുവീർപ്പോടെ അയാൾ ചോദിച്ചു: “അപ്പോൾ ആറുമാസം കൊണ്ട് എല്ലാ പ്രശ്നങ്ങളും തീരുമല്ലേ?” “ഇല്ല, ആറുമാസം കഴിയുമ്പോൾ എല്ലാം ശീലമായി മാറിക്കൊള്ളും”. ജീവിതത്തിനും പ്രാർത്ഥനകൾക്കുമിടയിലെ ചെറിയൊരു വാക്കാണത് – “ശീലമായി”. ഞായറാഴ്ച കുർബാനകൾ, കൂദാശകൾ, നൊവേനകൾ, അനുദിനപ്രാർത്ഥനകൾ, കുടുംബപ്രാർത്ഥനകൾ... ശീലങ്ങളായിട്ട് കാലമേറെയായി. വെറുതേ ഉരുവിട്ടുതീർക്കുന്ന ജപമണികളുടെ കണക്കെടുത്താൽ ഈ ശീലത്തിന്റെ വ്യാപ്തി നമുക്ക് മനസ്സിലാകും. സന്യാസത്തിന്റെ ആദ്യനാളുകൾമുതൽ ഇന്നുവരെ ചൊല്ലിത്തീർത്തിട്ടുള്ള പ്രാർത്ഥനകൾ എല്ലാംതന്നെ ഈയൊരു ശീലത്തിന്റെ ക്രമം തെറ്റാതെയുള്ള ആവർത്തനങ്ങൾ മാത്രമായിരുന്നു എന്നതിൽ വ്യഥിതമാവുകയാണ് മനസ്സ്.

ഒന്നിനെയും അപലപിക്കുകയല്ല. മറിച്ച് ഒരു വീണ്ടുവിചാരമാണ്; ചില ശീലങ്ങളുടെ കാരണം തേടിപ്പോയതിന്റെ തിരിച്ചറിവുകളാണ്. വെളി 2,4–6: “നിനക്കെതിരെ എനിക്കൊന്ന് പറയാനുണ്ട്. നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏതവസ്ഥയിൽനിന്നാണ് അധഃപതിച്ചതെന്ന് ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക”. ജീവിതമാകുന്ന ഉരകല്ലുകൊണ്ട് ഉരച്ചുനോക്കുമ്പോൾ... ദൈവമേ... കട്ടിപ്പുസ്തകങ്ങളിലും നൊവേനയുടെ കുഞ്ഞിത്താളുകളിലും യാമപ്രാർത്ഥന പുസ്തകങ്ങളിലും നാം പ്രാർത്ഥനകൾ തിരയാനും തീർക്കാനും തുടങ്ങിയിട്ട് കാലമേറെയായി. എണ്ണം തികയ്ക്കാനായി, സമയം തീർക്കാനായി, മറ്റുള്ളവരെ കാണിക്കാനായി, ജപമണികളുരുട്ടിയതും, പുണ്യജീവിതങ്ങളുടെ പാദാന്തികത്തിൽ തിരിതെളിച്ചതും, നാം എന്തൊക്കെയോ നേടാൻ ശ്രമിച്ചതാണ്. അതൊക്കെയാണ് പ്രാർത്ഥനകൾ എന്ന് നാം വല്ലാതെ തെറ്റിദ്ധരിച്ചിരിക്കുന്നു. ഒന്നുറപ്പാണ്. എന്തൊക്കെയോ പ്രതീക്ഷിച്ച് നാം എത്തുന്നു. ഒന്നുമില്ലാതെ സ്വയവും മറ്റുള്ളവരെയും പഴിചാരി നമ്മൾ കടന്നുപോകുന്നു. അസ്വീകാര്യമായ കായേന്റെ ബലിപോലെ, ഉചിതമല്ലാത്ത എന്തോ ഒന്ന് നമ്മിലും നമ്മുടെ പ്രാർത്ഥനകളിലും ബലികളിലും ഇല്ലേ? അതല്ലേ നമ്മുടെ പ്രാർത്ഥനയെ വെറും ശീലത്തിലേക്ക് ചുരുക്കിയത്; ചെറിയൊരു കൊർബാൻ (വഴിപാട്) ആക്കിയത്.

“ദൈവത്തിനെന്തെങ്കിലുമൊക്കെ മതി, പ്രാർത്ഥിക്കുന്നുണ്ട് എന്ന കാട്ടിക്കൂട്ടലുകൾ മതി”– എന്തെങ്കിലും കാഴ്ച നല്കിയാൽ മതിയെന്ന കായേന്റെ ലാഘവമനോഭാവം നമ്മിലും! തിരികൾ, അലങ്കാരങ്ങൾ, പാട്ടുകൾ, നൊവേനകൾ, പ്രാർത്ഥനകൾ, നാടകം പോലെ, ചടങ്ങുപോലെ കണ്ടുതീർക്കുന്ന ദിവ്യബലികൾ, ഉരുവിട്ടു മറക്കുന്ന പ്രാർത്ഥനകൾ കൃത്യസമയത്ത് ചെയ്തുതീർക്കുന്ന ശീലങ്ങൾ പോലെ. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ. എന്തിനെയും ഏതിനെയും അത് ദൈവികമാകട്ടെ, മാനുഷികമാകട്ടെ, നിസ്സാരതയോടെ ദർശിക്കാനും ലാഘവത്തോടെ കൈകാര്യംചെയ്യാനും നാം പഠിച്ചിരിക്കുന്നു. പ്രാർത്ഥനയ്ക്കു വരുമ്പോൾ “നീ എവിടെ” എന്ന ചോദ്യത്തിനൊപ്പം “നിന്റെ ജീവിതമെവിടെ” എന്ന ചോദ്യത്തിനും കൂടി നാം മറുപടി പറയേണ്ടിവരും. തലയിണകൾക്കടിയിൽ അടുക്കിവച്ച പ്രാർത്ഥനാപുസ്തകങ്ങൾക്കിടയിൽ എന്റെ ദൈവത്തെ എന്നേ മറന്നിരിക്കുന്നു! ആദ്യകാലഘട്ടങ്ങളിലെ പ്രയാസമേ ഉണ്ടായിരുന്നുള്ളു. ഇപ്പോ എല്ലാം ശീലമായി...

ഇനി എവിടെ നിന്നാണ് നീ അധഃപതിച്ചത് എന്ന് ചിന്തിക്കുക. തിരികെ വരുക. ജീവിതമാകുന്ന അൾത്താരയിൽ ദൈവത്തിന്റെ കയ്യൊപ്പോടുകൂടെ മുറിക്കപ്പെടേണ്ട ഒരു ബലിയനുഭവമുണ്ട്. എങ്ങനെയായിരുന്നു എന്നതിനേക്കാൾ എന്തിനുവേണ്ടിയായിരുന്നു പ്രാർത്ഥിച്ചതെന്ന് വിലയിരുത്തുക. ആബേലിനെപ്പോലെ അതീവശ്രദ്ധയോടെ തമ്പുരാനുവേണ്ടി നടത്തുന്ന ഒരു തിരഞ്ഞെടുപ്പ്, ആ സമർപ്പണത്തിലേക്ക് ഇറങ്ങിവരുന്ന ദൈവം, കണ്ടുമുട്ടൽ, ആർദ്രമായ സ്വീകരണം... ദൈവം ഇറങ്ങിവരുന്ന കാത്തിരിപ്പിന്റെ നിമിഷങ്ങളാകണം നമ്മുടെ പ്രാർത്ഥനകൾ. അങ്ങനെയാകുമ്പോൾ പ്രാർത്ഥന അനുഭവമാകും. കായേന്റെ സ്നേഹശൂന്യതയും സമർപ്പണരാഹിത്യവുമാണ് പ്രാർത്ഥന സ്വീകാര്യമാവാതെ ഇരുന്നതിനുള്ള കാരണം. സ്നേഹം അന്യമാവുന്ന, സമർപ്പണമില്ലാതാകുന്ന നമ്മുടെ പ്രാർത്ഥനകൾ വെറും പ്രഹസനങ്ങൾ ആവുന്നില്ലേ? അധരം കൊണ്ടു സ്തുതിക്കുന്ന, ഹൃദയംകൊണ്ടകന്നിരിക്കുന്നവരാകുന്നില്ലേ നമ്മൾ? അതുകൊണ്ട് ശീലങ്ങൾ മാറ്റിവയ്ക്കാം. സ്നേഹസമർപ്പണത്തിലേക്ക് തിരികെവരാം... ദൈവത്തിന്റെ സാന്നിദ്ധ്യകൂടാരങ്ങളിൽ അവനുവേണ്ടി തിരഞ്ഞെടുത്ത സമർപ്പണ ദ്രവ്യങ്ങളുമായി നമുക്ക് ചേർന്നുനില്ക്കാം. എവിടെ നിന്നാണോ അധഃപതിച്ചത് അവിടെ നിന്ന് തുടങ്ങാം. അതിന് ഒന്നേയുള്ളു വഴി. ആബേലിനെപ്പോലെ ഹൃദയം പ്രാർത്ഥനയോടു ചേർക്കുക. സോളമനോട് ഷേബാരാജ്ഞി പറഞ്ഞതുപോലെ ഏതു കൃത്രിമപൂവിനോടും ഹൃദയം ചേർത്തുവച്ചാൽ അതിനു ജീവനും സുഗന്ധവുമുണ്ടാവും. പ്രാർത്ഥനയോടു ഹൃദയം ചേർത്തുവയ്ക്കാം. മറിയത്തെപ്പോലെ അപ്പോൾ നമ്മുടെ പ്രാർത്ഥനയുടെ കൂടാരങ്ങളിലും ദൈവമിറങ്ങിവരും വചനം മാംസമാകും.

## Spirituality Centre Programme

### November

| | |
|---|---|
| 03 | Social Animators |
| 06-07 | Cenacle Gathering (Sodales & Aspirants) |
| 10 | School of Bible |
| 17 | Recollection for Oblates |
| 18-23 | Retreat |



# പരിശുദ്ധ കുർബാന സഭാതനയർക്കു പാഥേയം

അനു കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**വീ**ടിനോടു ചേർന്നൊഴുകുന്ന പുഴ ഉണ്ണിക്ക് ജീവിതം തന്നെയാണ്. അതിന്റെ കുളിരും ശാന്തതയും സാന്ത്വനവുമെല്ലാം അറിഞ്ഞോ അറിയാതെയോ ഉണ്ണിയുടെ ജീവിതത്തെ നിർണ്ണായകമാക്കി. പുഴയുടെ തെളിമയിൽ അവൻ തന്റെ മുഖം വായിച്ചെടുത്തു. അഴുക്കുപുരണ്ട ഓരോ വേളയിലും മടുപ്പുകൂടാതെ തന്നെ കഴുകിയെടുക്കുന്ന പുഴയുടെ ആർദ്രത അവനെ വിസ്മയഭരിതനാക്കി. ചുടുവേനലിന്റെ കഠിന വിയർപ്പിലും ഉണങ്ങാത്ത കണ്ണീർപ്പുഴയിലും പുഴ സാന്ത്വനതലോടലായി. പച്ചപ്പു നഷ്ടപ്പെട്ട ജീവിതങ്ങളുടെ വരൾച്ചയിലും വിളർച്ചയിലും പുഴയുടെ കുളിരും ജീവൻ മുളപ്പിക്കുന്ന സാന്നിദ്ധ്യവും പുതുജീവന്റെ സാമീപ്യമായി ഒഴുകിയെത്തി.

പുഴ പ്രപഞ്ചത്തിലെ ദൈവസാന്നിദ്ധ്യത്തിന്റെ നിദർശനമാകുമ്പോൾ നിത്യജീവനും നിതാന്തജാഗ്രതയും തന്റെ മക്കളുടെമേൽ ചൊരിയുന്ന ഈ ലോകത്തിലെ ജീവന്റെ തുടിപ്പാണ് തിരുസ്സഭ. എന്തെന്നാൽ മിശിഹായുടെ ജീവന്റെ തുടിപ്പാണത്. ഈ ലോകത്തിൽ രക്ഷയുടെ കൂദാശയായി തിരുസ്സഭയെ അവിടുന്നുയർത്തി. അഴുക്കിന്റെ അളവ് കാര്യമാക്കാതെ തന്റെ കുഞ്ഞിനെ കഴുകിയെടുക്കുന്ന അമ്മയെപ്പോലെ സഭയും തന്റെ മക്കളെ കഴുകുന്നു. ഓരോ തവണ കഴുകുമ്പോഴും മിശിഹായുടെ ആണിപ്പഴുതുള്ള കൈകളാണ് തങ്ങളെ കഴുകിയതെന്നും അവിടുത്തെ വിശുദ്ധീകരണകർമ്മത്തോട് കൂറു പുലർത്തണമെന്നും സഭ ഇടവിടാതെ ഓർമ്മിപ്പിക്കും.

ശുദ്ധമാക്കപ്പെട്ട ജീവിതത്തിന്റെ നേർക്കാഴ്ച, തെളിമയും ശുദ്ധിയുള്ളതുമായ ദൈവവചനത്തിന്റെ കണ്ണാടിയിൽ നോക്കി പരിശോധിക്കേണ്ടതുണ്ട്. വചനത്തിന്റെ അഗ്നിയിൽ സ്വയം ശുദ്ധിചെയ്ത് ദൈവഭവനത്തിന്റെ മഹത്ത്വത്തിന് ചേർന്നവിധം സ്വയം രൂപപ്പെടുവാൻ സഭ തന്റെ മക്കളെ ദൈവവചനത്തിന്റെ നീർച്ചാലിനരികെ കുടിയിരുത്തി. നിത്യജീവിതത്തിന്റെ മാധുരി ആസ്വദിക്കാൻ വില നല്കേണ്ടതുണ്ട്. ഈ ലോകത്തിന്റെ എളുപ്പമാർഗത്തിൽനിന്നും പിൻതി



രിഞ്ഞ് നിരന്തരമായ ആത്മസമരത്തിൽ ഒരുവൻ ഏറ്റെടുക്കുന്ന ത്യാഗത്തിന്റെ, സഹനത്തിന്റെ, സ്വയം സമർപ്പണത്തിന്റെ വിലയാണ് നിത്യജീവന്റെ അവകാശിയാകുവാൻ അവനെ അർഹനാക്കുന്നത്. തനിക്കുള്ളതെല്ലാം വിറ്റ് നിധി ഒളിഞ്ഞിരിക്കുന്ന വയൽ വാങ്ങിയ ബുദ്ധിമാനായ മനുഷ്യനെപ്പോലെ സ്വർഗ്ഗരാജ്യമെന്ന നിധി സ്വന്തമാക്കുവാൻ ഒരുവൻ വില്ക്കേണ്ടത് സ്വന്തം ഹിതമാണ്. ദൈവത്തിന് ഹിതകരമല്ലാത്തതെല്ലാമാണ്.

"ബലികളിലും കാഴ്ചകളിലും അവിടുന്ന് പ്രസാദിച്ചില്ല. അവിടുന്ന് എനിക്കുവേണ്ടി ഒരു ശരീരം സജ്ജമാക്കിയിരിക്കുന്നു. പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ ദൈവമേ, അവിടുത്തെ ഹിതം നിറവേറ്റുവാൻ ഞാൻ ഇതാ വന്നിരിക്കുന്നു" (ഹെബ്രാ 10). ഈശോമിശിഹാ ദൈവഹിതം നിറവേറ്റിയവിധം ഹെബ്രായലേഖകൻ വിവരിക്കുന്നു. ഈശോയുടെ ജീവിതംതന്നെ ദൈവഹിതം മാംസം ധരിച്ചതായിരുന്നു. ഓരോ ക്രൈസ്തവനും മിശിഹായുടെ മാർഗ്ഗം പിൻതുടരുന്നതിനും അവിടുന്നിൽ ജീവിക്കുന്നതിനുംവേണ്ടി തന്റെ ജീവിതത്തെ അവിടുന്ന് ബലിയായി സമർപ്പിക്കുകയും സ്വന്തം ശരീരരക്തങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. നിത്യജീവന്റെ അച്ചാരമായി അവിടുന്ന് മഹാദാനമായി തിരുശരീരരക്തങ്ങൾ നല്കി. പരിശുദ്ധകുർബാന നിത്യജീവന്റെ ഔഷധമാണ്. പരി. കുർബാന ഉൾക്കൊള്ളുന്ന വിശ്വാസി സ്വർഗ്ഗീയ മഹത്ത്വത്തിന്റെ വാഹകനാണ്. ദൈവം ഉള്ളിടം സ്വർഗ്ഗമെന്ന് സഭ ദൈവവചനത്തിലൂടെ പഠിപ്പിക്കുമ്പോൾ നാം ഓരോരുത്തരും സ്വർഗ്ഗത്തിന്റെ പങ്കാളികളാകുന്നു, പരി. കുർബാനയിലൂടെ. നിത്യമായ ആനന്ദത്തിന്റെ, മഹത്ത്വത്തിന്റെ, നിത്യസമാധാനത്തിന്റെ, നിത്യമായ സൗഖ്യത്തിന്റെ ഉറവിടമായ പരി. കുർബാനയെക്കാൾ മഹത്തരമായ മറ്റെന്തു ദാനമാണ് ദൈവത്തിനു നമുക്കു തരാനുള്ളത്? എത്ര നന്ദി പറഞ്ഞാലും മതിവരാത്ത ഈ ദാനത്തെക്കുറിച്ച് നമുക്ക് അവബോധമുള്ളവരാകാം.

പള്ളിക്കൂദാശക്കാലം ദൈവമക്കളുടെ നിത്യമഹത്ത്വത്തിലുള്ള ജീവിതത്തിന്റെ രഹസ്യങ്ങളും മഹത്ത്വപൂർണ്ണയായ സഭയുടെ വിജയവും ധ്യാനവിഷയമാക്കുമ്പോൾ സഭ മടുപ്പുകൂടാതെ ഓർമ്മിപ്പിക്കുന്ന വസ്തുതകളാണ് സഭയുടെ വിശുദ്ധി – എന്റെ, നമ്മുടെ, വിശുദ്ധിയാണ് എന്നതും സ്വർഗ്ഗത്തിൽ വിജയകിരീടം ചൂടുന്ന സഭ ഈ ലോകത്തിൽ വിജയം നേടി മുന്നേറിയ സഭയുടെ മഹത്ത്വജീവിതത്തിന്റെ തുടർച്ചയാണ് എന്നതും.

ഇന്നിന്റെ ജീവിതാനുഭവങ്ങളിലും കർമ്മവേദികളിലും നിത്യജീവന്റെ മുന്നാസ്വാദനം അനുഭവിക്കുമാറ് നമ്മുടെ ജീവിതങ്ങളെ ദൈവവിശ്വാസത്തിന്റെ മേൽക്കൂരയിൻകീഴിൽ സുരക്ഷിതമാക്കാൻ സാധിച്ചാൽ നാം നിത്യജീവൻ ഇന്നാസ്വദിക്കുന്നവരാണ് – അതിൽ ആനന്ദിക്കുന്നവരാണ്. ഈ ലോകത്തിൽ ദൈവസ്നേഹത്തിൽ ആനന്ദിക്കുന്ന സാക്ഷികളാണ്.

*കർത്താവേ, നിന്റെ ഭവനത്തിന്റെ തണലിൽ മറഞ്ഞിരിക്കുവാൻ ഞങ്ങൾ എത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളുടെ കടലിൽനിന്ന് ഒരു തുറമുഖത്തെന്നപോലെ അതിനുള്ളിൽ ഞങ്ങൾ വിശ്രമിക്കട്ടെ. കർത്താവേ, അനുതപിക്കുന്ന പാപികളുടെ നേർക്ക്, നിന്റെ കരുണയുടെ വാതിൽ നീ അടയ്ക്കരുതേ. എന്തെന്നാൽ നിന്റെ ആലയമല്ലാതെ അവർക്ക് മറ്റൊരഭയമില്ല.*

(Bedjan III, 415)

# ഈശോ മതിയെനിക്ക്; സഭ വേണ്ട...!



ദേവീ മേനോൻ (റോസ് മരിയ)
ബംഗളൂരു

ആരാധനാവത്സരത്തിലെ അവസാന കാലമായ പള്ളിക്കൂദാശക്കാലത്തിലേക്ക് നാം പ്രവേശിച്ചു. ഈശോ തന്റെ മണവാട്ടിയായ തിരുസ്സഭയെ ദൈവപിതാവിനു സമർപ്പിക്കുന്നതോർക്കേണ്ട കാലം. നമ്മുടെ വിശ്വാസജീവിതത്തിൽ തിരുസ്സഭയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കാൻ പരിശുദ്ധ കുർബാനയിലെ ഒരു പ്രാർത്ഥനാഭാഗം ശ്രദ്ധിക്കാം: "കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു". വിശ്വാസപ്രമാണത്തിൽ "ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് നാം ഏറ്റുപറയുകയും ചെയ്യുന്നു.

എനിക്ക് ഈശോ മതി; തിരുസ്സഭയുടെ ആവശ്യമില്ല എന്ന് പലരും വ്യർത്ഥാഭിമാനത്തോടുകൂടി പറയുന്ന കാലഘട്ടമാണിത്. എനിക്ക് അപ്പനും അമ്മയും മതി; കുടുംബം വേണ്ട എന്നു പറയുന്നതിനേക്കാൾ അർത്ഥശൂന്യമാണിത്. നമ്മുടെ പൈതൃകം തലമുറകളിലേക്ക് വ്യാപരിക്കുന്നത് കുടുംബത്തിലൂടെയാണ്.

സ്വന്തം ശരീരരക്തങ്ങൾ പകുത്തു നല്കി നമുക്കു നവജീവൻ നല്കിയ-നല്കുന്ന ഈശോമിശിഹായുടെ ശരീരമാണ് തിരുസ്സഭ. സഭയുടെ പ്രവേശകകൂദാശകളിലൂടെ നാം ആ ശരീരത്തിലെ അവയവങ്ങളായിത്തീരുന്നു. നാം ജനിക്കുന്നതിനുമുമ്പേ ഈശോയുടെ സ്വന്തമാണെങ്കിലും ഈശോയെ നാം സ്വീകരിക്കുന്നതും അന്വേഷിക്കുന്നതും തിരിച്ചറിയുന്നതും മനസ്സിലാക്കുന്നതും സ്വന്തമാക്കുന്നതും ഈശോ സ്ഥാപിച്ച തിരുസ്സഭയിലൂടെയാണ്. പത്രോസ്ശ്ലീഹായെന്ന പാറമേൽ, മറ്റ് ശ്ലീഹന്മാരും പ്രവാചകരുമായ അടിത്തറമേൽ 'എന്റെ സഭ' എന്നു പറഞ്ഞുകൊണ്ട് മൂലക്കല്ലായ ഈശോ പടുത്തുയർത്തിയതാണ് (മത്താ 18,18; എഫേ 2,20) ഈ സഭ. തിരുസ്സഭാതനയരെ വിശുദ്ധജനം, ദൈവജനം എന്നൊക്കെയാണ് അഭിസംബോധന ചെയ്യുന്നത്. ഈശോമിശിഹായും തിരുസ്സഭയും തമ്മിലുള്ള ബന്ധത്തെ ഭാര്യാഭർതൃബന്ധത്തോടാണ് പൗലോസ്ശ്ലീഹാ സാമ്യപ്പെടുത്തിയിരിക്കുന്നത്. തിരുസ്സഭയെ വിശുദ്ധീകരിക്കാനും, നിർമ്മലതയോടെ മഹത്ത്വപൂർണ്ണയായി പ്രതിഷ്ഠിക്കാനുംവേണ്ടിയാണ് ഈശോ സ്വയം സമർപ്പിച്ചത്. ഈ ശരീരത്തിലെ അവയവങ്ങളായ നാം വിശുദ്ധിയോടെ വിശ്വാസജീവിതം നയിക്കണം. അത് തിരുസ്സഭയോടുചേർന്നുതന്നെയാവണം.

പുറത്തുനിന്നുള്ള പീഡനങ്ങളെക്കാൾ സഭയെ മുറിപ്പെടുത്തുന്നത് പാഷണ്ഡതയും വിഘടിത വിഭാഗീയ പ്രസ്ഥാനങ്ങളും, സഭാമക്കളുടെ വിശുദ്ധിയില്ലാത്തതും ദുർമാതൃകാപരമായ ജീവിതവുമാണ്. സഭാവിരുദ്ധമായ ഒരു പ്രസ്ഥാനത്തിനും നമ്മെ വീഴ്ത്താൻ ഇടംകൊടുക്കാതെ വിശ്വാസദീപത്തെ വിശുദ്ധിയോടെ കാക്കാം. സഭാത്മക ആദ്ധ്യാത്മികതയിൽ വളരാനും കൂദാശകളിൽ ആത്മാർത്ഥമായി പങ്കുചേരാനും സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം ദൈവത്തെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനുമുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

തിരുസ്സഭയെ, പള്ളിയെ പ്രണയിക്കാൻ നമുക്കു പഠിക്കാം. അതുവഴി ഈശോയുടെ ചങ്കോടു ചേരാം; പൂർണമായി ഈശോയുടെ സ്വന്തമാകാം. പള്ളിക്കൂദാശക്കാലത്തിലെ ഈ നാല് ആഴ്ചകൾ, സഭയ്ക്കും ഓരോ സഭാംഗത്തിനുംവേണ്ടിയും സഭാമാതാവിന് കളങ്കമേല്ക്കുന്ന ഒരു പ്രവൃത്തിയും ആരിൽനിന്നും ഉണ്ടാകാതിരിക്കാൻവേണ്ടിയും ത്യാഗത്തോടെ, വിശ്വാസത്തോടെ നമുക്കു പ്രാർത്ഥിക്കാം.

**കർത്താവേ, നിന്റെ സിംഹാസനത്തിന്റെ പാദപീഠമായി നീ ഈ ഭവനത്തെ നിർമ്മിച്ചുവല്ലോ. നീതന്നെ ഇതിനെ ഒരുക്കുക. ക്ലേശമനുഭവിക്കുന്നവരുടെ കണ്ണുനീരും പ്രാർത്ഥനകളും ഇതിൽ സ്വീകരിക്കപ്പെടട്ടെ. നിന്റെ ജനത്തിനും നിന്റെ തൊഴുത്തിലെ ആടുകൾക്കും ഇതിൽനിന്നു സകല സഹായങ്ങളും ദാനങ്ങളും പ്രവഹിക്കട്ടെ. അവർ നിന്റെ സ്ലീവാവഴി രക്ഷിക്കപ്പെട്ടവരും നിന്റെ മഹനീയ നാമത്തിൽ അഭയം തേടുന്നവരുമാണല്ലോ.**

**(Bedjan III, 414)**

# വിശുദ്ധ സമർപ്പിതർ: സഭയുടെ സമ്പത്ത്

നിയോണ മങ്ങാടൻ



സമർപ്പിതരും സമർപ്പണവും കനലായി കത്തിയെരിയിക്കുന്ന മാധ്യമവിചാരണകൾക്കിടയിലെ 'തലക്കെട്ടുകൾ' വളരെ വിചിത്രം തന്നെ.

ഒരു വസ്തുതയെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾക്കു മുമ്പായി അതിന്റെ ധന്യതയും സത്യവും എത്രയെന്നു ഗഹനമായി മനസ്സിലാക്കേണ്ടവർ കണ്ണടച്ച് ഇരുട്ടാക്കുകയും കക്ഷി താത്പര്യത്തോടെയെന്നു തോന്നുംവിധം സഭയുടെ നെറുകയിൽ കാളീയമർദ്ദനമാടുകയും ചെയ്തപ്പോൾ ഉള്ളതുപറയട്ടെ, സഭാമക്കൾ ഒരിക്കൽക്കൂടി തീയിൽ കുരുത്ത അവരുടെ വിശ്വാസത്തെ നെഞ്ചേറ്റുകയായിരുന്നു.

- ആരാണു യഥാർത്ഥ സമർപ്പിത?
- എന്താണു സമർപ്പണ ജീവിതം?
- എന്തിനു വേണ്ടി, ആർക്കുവേണ്ടി ഈ ജീവിതം?

ഈ ചോദ്യങ്ങൾക്കുത്തരം ഗ്രഹിക്കാനാകണമെങ്കിൽ വിശുദ്ധ ജീവിതങ്ങളുടെ പിന്നാമ്പുറങ്ങളിലേക്കൊരു യാത്ര അനിവാര്യം തന്നെ.കാലിത്തൊഴുത്തുമുതൽ കാൽവരിവരെ ദാരിദ്ര്യം കൂട്ടാക്കിയ, ദൈവേഷ്ടത്തിനു വിധേയനായി അനുസരണം ജീവിച്ച, മുപ്പത്തിമൂന്നു വയസ്സുവരെ ബ്രഹ്മചാരിയായി ലോകത്തിൽ ജീവിതത്തെ ഉഴിഞ്ഞുവച്ച മിശിഹായെ അനുകരിക്കുന്ന, അവന്റെ പാത പിന്തുടരുന്ന, അവന്റെ മണവാട്ടിയാകുന്ന ജീവിതമാണു സമർപ്പിതജീവിതം. ലോകത്തിന്റെ മനുഷ്യർക്കിതു ഭോഷത്തവും അർത്ഥശൂന്യവും വ്യർത്ഥവുമായ ജീവിതമാണ്. സമർപ്പണത്തിന്റെ സമ്പന്നതയെ വിളിച്ചോതുന്ന വിശുദ്ധ സമർപ്പിത ജീവിതങ്ങളിലൂടെ ഒരു തീർത്ഥയാത്രയാവാം.

രാജകുടുംബവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ലയോള കുടുംബം... സാമ്പത്തികമായി ഉയർന്ന നിലയിലായിരുന്നു അവർ. ലയോള കുടുംബത്തിലെ ഒരു മകൾക്കുമാത്രം ഓഹരിയായി നൽകിയിരുന്നത് എൺപത്തിനാലായിരത്തിൽപരം ഏക്കർ കൃഷിഭൂമിയായിരുന്നു. അത്രമാത്രം സമ്പന്നകുടുംബം. തികച്ചും ലൗകായതികജീവിതം, പ്രശസ്തിക്കുവേണ്ടിയുള്ള നെട്ടോട്ടം, ആർഭാടപൂർവ്വകമായ ഇഗ്നേഷ്യസിന്റെ ജീവിതശൈലി ഇങ്ങനെ നീണ്ടു, ഇരുപത്താറു വയസ്സുവരെ. യുദ്ധത്തിൽ പങ്കെടുത്തു പ്രശസ്തി നേടാനുള്ള പുറപ്പാട്... എന്നാൽ കാലിനു പരിക്കുപറ്റി വീണ ഇനിഗോയെ ഈശോ കൈപിടിച്ച് മറ്റൊരു യുദ്ധവേദിയിലേക്കു വഴിനടത്തുകയായിരുന്നു. 'ഭൗതിക സുഖത്തോട് ഇനിഗോ എന്നേക്കുമായി വിടപറഞ്ഞു'. പരിചിതരുടെയിടയിൽനിന്ന് അകന്ന് മൻടീസ എന്ന സ്ഥലത്തു പതിനൊന്നു മാസം താമസിച്ചു. ഒരു ഗുഹയിൽ ഏകാന്തവാസം! ഭിക്ഷാടനം നടത്തി വിശപ്പടക്കി. അതും യാചകരുമായി പങ്കുവച്ചു. ഭക്ഷണം മറന്നു, മുടി നീണ്ടു വളർന്നു, തപശ്ചര്യയിൽ ജീവിതം കർശനമാക്കി. ചാട്ടവാറടിക്കു സ്വയം വിട്ടു കൊടുത്തു. ഏഴുദിവസം നീണ്ട ഉപവാസം! അനുതാപക്കണ്ണീരിൽ കുതിർന്ന പ്രായശ്ചിത്തം. മൻടീസയിലെ ഈ മാനസാന്തരം 'ഒരു പോരാളിയിൽ നിന്ന് വിശുദ്ധനിലേക്കുള്ള ചുവടുവെപ്പായിരുന്നു'. സാന്റാകുവാ ഗുഹയിലെ ജീവിതത്തിൽ അദ്ദേഹം ഇങ്ങനെ തീരുമാനിച്ചു. 'ഇനി ഈ നിമിഷം മുതൽ ഞാൻ ഭൗതികലോകത്തിന്റെ യോദ്ധാവല്ല, മറിച്ച് മനസ്സിന്റെ കളരിയിലെ യോദ്ധാവും രാജാവുമായിരിക്കും. തിരിച്ചു വരാൻ വേണ്ടിയുള്ള ഒരു യാത്രയിലല്ല ഞാൻ. എന്നാൽ ആരോടും വിടപറയുന്നുമില്ല'. ഒരിക്കലും പിന്തിരിയാത്ത യാത്ര അവൻ സാന്താകുവാ ഗുഹയിൽനിന്നാരംഭിച്ചു. തുടർന്ന് റോമായിലേക്കു തീർത്ഥയാത്ര! കാലിൽ ചെരുപ്പോ രണ്ടുടുപ്പോ വടിയോ ഇല്ലാതെ ഇറങ്ങിത്തിരിച്ച് ലോകം കീഴടക്കാൻ ഉപദേശിച്ചവന്റെ ശിഷ്യനായിത്തീരുകയായിരുന്നു ഇഗ്നേഷ്യസ്. കൈയ്യിൽ ബാക്കിയുണ്ടായിരുന്ന ചെമ്പുതുട്ടുകൾ ആവശ്യമുള്ളവർക്കായി തുറമുഖ തീരത്തുപേക്ഷിച്ചു. വിശുദ്ധവാരം മുഴുവൻ റോമിൽ താമസിച്ചു. രാത്രികളിൽ ഏതെങ്കിലും വരാന്തകളിൽ കിടന്നുറങ്ങി. ഭിക്ഷ യാചിച്ചു കിട്ടുന്നതു ഭക്ഷിച്ചു. ലോകത്തോടും ലോക സുഖങ്ങളോടും എന്നേക്കുമായി ആ ചെറുപ്പക്കാരൻ വിടപറഞ്ഞു.

ലോകത്തെ ഉപേക്ഷിക്കുകയാണ് ലോകത്തെ കീഴടക്കാനുള്ള മാർഗ്ഗം; ലോകത്തെ വെട്ടിപ്പിടിക്കുകയോ സ്വന്തമാക്കി ആസ്വദിക്കുകയോ അല്ല. ലോകത്തെ വെട്ടിപ്പിടിച്ചവർ ലോകത്തെ ആശ്ലേഷിച്ചപ്പോൾ ലോകം അവരെ കീഴ്പ്പെടുത്തുകയും അടിമപ്പെടുത്തുകയും ചെയ്തു. ലോകത്തെ പരിത്യജിച്ചവർ ലോകത്തിന്മേൽ വിജയം നേടി. ഈ ആത്മീയ രഹസ്യം വിശുദ്ധർ അവരുടെ ഉപേക്ഷയുടെ സാക്ഷ്യത്തിലൂടെ നമുക്കു പങ്കുവച്ചു തരുന്നു.

ആശ്രമത്തിൽ ചേരാൻ വരുന്നവരോട് വി.ബർണാർദ് ഇങ്ങനെ പറയുമായിരുന്നു: "ഇവിടെ പ്രവേശിക്കാൻ വരുന്നവർ ലോകത്തിൽ നിന്നു കൊണ്ടുവന്ന ശരീരം വാതിലിനു പുറത്തു വയ്ക്കട്ടെ. ഇവിടെ നിങ്ങളുടെ ആത്മാവിനു മാത്രമേ പ്രവേശനമുള്ളൂ". (കടപ്പാട്: വിശുദ്ധിയുടെ വിജയരഹസ്യങ്ങൾ)

**ലോകമേ, നിന്റെ മാസ്മരികത വിശുദ്ധരെ തെല്ലും ഉന്മത്തരാക്കിയില്ല. നിന്റെ പ്രൗഢിയുടെ പ്രലോഭനങ്ങൾക്കുമുമ്പിൽ അവർ മുട്ടുമടക്കിയുമില്ല. സ്വർഗ്ഗീയ വിഭവങ്ങളെ ആസ്വദിക്കാൻ ലൗകിക വിഭവങ്ങളെ അവർ ഉച്ഛിഷ്ടം പോലെ കരുതിയുപേക്ഷിച്ചു.**




അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: *തിരുസ്സഭയുടെ മാതാവായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം*
തിരുസ്സഭയുടെ മാതാവായ പരിശുദ്ധ അമ്മേ, തിരുസ്സഭയെ നിന്റെ പാദാന്തികത്തിൽ സമർപ്പിക്കുന്നു. തിരുസ്സഭാമാതാവിന്റെ മക്കളായ ഞങ്ങൾക്ക്, യഥാർത്ഥ സന്തോഷമാകുന്ന മിശിഹായോടൊത്തായിരിക്കുവാൻ, ആനന്ദത്തിന്റെ സദ്വാർത്ത ലോകത്തെ അറിയിക്കുവാൻ വേണ്ട കൃപ ലഭിക്കാനായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: *നിർമ്മലകന്യകയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം*
നിർമ്മലകന്യകയായ പരിശുദ്ധ അമ്മേ, തിന്മകൾ നിറഞ്ഞ ഈ ലോകത്തിൽ പരിശുദ്ധരായി ജീവിക്കുവാനും അനേകരെ പരിശുദ്ധിയിലേക്കു നയിക്കാനുമുള്ള കൃപ ലഭിക്കാനായി ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: *പുരോഹിതരുടെയും സമർപ്പിതരുടെയും രാജ്ഞിയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം*
ഈ ലോകത്തിൽ മിശിഹായുടെ സാന്നിദ്ധ്യം നല്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതർക്കും സമർപ്പിതർക്കും, തങ്ങളുടെ വിളിക്കനുസൃതമായ ജീവിതം നയിച്ചുകൊണ്ട് ദിവ്യകാരുണ്യസ്നേഹം മറ്റുള്ളവർക്കു പങ്കുവയ്ക്കുവാനുള്ള കൃപ ലഭിക്കാനായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: *പ്രതീക്ഷയുടെ താരകമായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം*
ജീവിതത്തിന്റെ ദുഃഖനിമിഷങ്ങളിൽ പ്രതീക്ഷയറ്റുപോകുന്ന എല്ലാ മക്കളെയും പരി. അമ്മേ ഞങ്ങൾ ഓർക്കുന്നു. പ്രതീക്ഷയുടെ താരകമായ പരിശുദ്ധ അമ്മേ, ജീവിതയാത്രയിൽ പ്രതീക്ഷയോടെ മുന്നേറുവാൻവേണ്ട കൃപ എല്ലാവർക്കും ലഭിക്കാനായി അമ്മ പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: *തിരുക്കുടുംബത്തിന്റെ ഹൃദയമായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം*
പരിശുദ്ധ അമ്മേ, എല്ലാ മാതാപിതാക്കളും തങ്ങളുടെ കുടുംബത്തിൽ മാതൃകാപരമായ ജീവിതം നയിച്ച് തങ്ങളുടെ കുഞ്ഞുങ്ങളെ നേർവഴി നടത്തുന്നവരായി മാറുവാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*





PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th October 2018

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
നിന്റെ സ്തുത്യർഹമായ ത്രോണോസിന്റെ മുമ്പിൽ
അനവരതം സ്തുതിഗീതങ്ങളാലപിക്കുന്ന
മാലാകാമാരുടെ ആയിരങ്ങളോടും
അഗ്നിമയന്മാരുടെ പതിനായിരങ്ങളോടുംചേർന്ന്
മഹത്ത്വീകൃതയായ തിരുസഭയിൽ
ഞങ്ങളും നിന്റെ ആരാധ്യമായ തിരുനാമത്തിന്
സ്തുതിയും ബഹുമാനവും കൃതജ്ഞതയും
സമർപ്പിക്കുവാൻ ഇടയാക്കണമേ"
(പള്ളിക്കൂദാശക്കാലം, ഞായർ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018, Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal